VOL NO: 08 I ISSUE 40
2024 OCTOBER 05 I ₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerp[illegible]m.com



സ്വയംകൃതാനർഥങ്ങളുടെ തടവുകാരായി വർഗീയതയിലേക്ക് എടുത്തെറിയപ്പെട്ടിരിക്കുകയാണ് കേരളത്തിലെ തൊഴിലാളി പാർട്ടി. ധ്രുവീകരണമെന്ന വിനാശത്തിലേക്ക് ആപതിക്കണമോ അതോ സമൂഹത്തിന് താരതമ്യേന പരുക്ക് കുറഞ്ഞ കേന്ദ്ര ഭീഷണിയോട് പ്രതികരിക്കണമോ എന്ന് തീരുമാനിക്കേണ്ടത് ഉന്നത നേതൃത്വമാണ്. രണ്ടായാലും പൊതുസമൂഹം പ്രതീക്ഷിച്ചതിന് നേർവിപരീതദിശയിലേക്കാണ് പാർട്ടി പോയിക്കൊണ്ടിരിക്കുന്നത്.

## ‘ചോര വീണ മൺവഴി’യിൽ വർഗീയത തളിരിടുന്നുവോ?

**‘മതം വേണ്ട; മനുഷ്യനായാൽ പോരേ?’**

- || ലഹരിയുടെ പിടിയിലമരുന്ന കൗമാരങ്ങൾ
- || പ്രവാചകസ്നേഹത്തിന്റെ ഉദാത്ത മാതൃകകൾ
- || ആത്മഹത്യ വർധിക്കുന്നതിനു പിന്നിൽ മതമോ മതനിഷേധമോ?




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

0402

നേർപഥം
വാരിക

2024 ഒക്ടോബർ 05
1446 റ. ആഖിർ 02
പുസ്തകം 08 / ലക്കം 40






Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**



**കവർ സ്റ്റോറി**




**മുജീബ് ഒട്ടുമ്മൽ**

സ്വയംകൃതാനർഥങ്ങളുടെ തടവുകാരായി വർഗീയതയിലേക്ക് എടുത്തെറിയപ്പെട്ടിരിക്കുകയാണ് കേരളത്തിലെ തൊഴിലാളി പാർട്ടി. ധ്രുവീകരണമെന്ന വിനാശത്തിലേക്ക് ആപതിക്കണമോ അതോ സമൂഹത്തിന് താരതമ്യേന പരുക്ക് കുറഞ്ഞ കേന്ദ്ര ഭീഷണിയോട് പ്രതികരിക്കണമോ എന്ന് തീരുമാനിക്കേണ്ടത് ഉന്നത നേതൃത്വമാണ്. രണ്ടായാലും പൊതുസമൂഹം പ്രതീക്ഷിച്ചതിന് നേർവിപരീതദിശയിലേക്കാണ് പാർട്ടി പോയിക്കൊണ്ടിരിക്കുന്നത്.

**05** മുഖമൊഴി
ഇസ്‌ലാമിന്റെ സമ്പൂർണത

**06** കർമപഥം
സംഘടിത നമസ്‌കാരം
വിവ. അബ്ദുൽ ജബ്ബാർ മദീനി

**09** നമുക്കുചുറ്റും
'മതം വേണ്ട; മനുഷ്യനായാൽ പോരേ?'
മുആദ് പകര

**18** ചരിത്രപഥം
ഇ.കെ.മൗലവിയും മുസ്‌ലിം ലീഗും
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**22** ലേഖനം
കുടുംബത്തെ രക്ഷിക്കുക
മുഹമ്മദ് സിയാദ്, വാരണാക്കര

**24** കാഴ്ച
ലഹരിയുടെ പിടിയിലമരുന്ന കൗമാരങ്ങൾ
റോഷൻ പുനലൂർ

**26** ലേഖനം
പ്രവാചകസ്‌നേഹത്തിന്റെ ഉദാത്ത മാതൃകകൾ
മുഹമ്മദ് അലി വാരം

**30** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅ്ദി
സൂറതുസ്സബഅ്
അബ്ദുർറഹ്‌മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**32** ജാലകം
ആത്മഹത്യ വർധിക്കുന്നതിനു പിന്നിൽ മതമോ മതനിഷേധമോ?
ആദിൽ നരിക്കുനി

**34** ബാലപഥം
മഴക്കവിതകൾ



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

## വിസ്ഡം യൂത്ത് കേരള ടീച്ചേർസ് കോൺഫറൻസ്

# വിദ്യാർഥികളെ അടർത്തിയെടുക്കാനുള്ള ശ്രമങ്ങളെ കരുതിയിരിക്കണം:

പെരിന്തൽമണ്ണ: അധ്യാപകരിൽനിന്നും വിദ്യാർഥികളെ അടർത്തി മാറ്റാനുള്ള ശ്രമങ്ങളെ കരുതിയിരിക്കണമെന്ന് 'നേർച്ചറിങ് ഹ്യൂമാനിറ്റി' എന്ന പ്രമേയത്തിൽ പെരിന്തൽമണ്ണയിൽ വെച്ച് സംഘടിപ്പിച്ച കേരള ടീച്ചേഴ്സ് കോൺഫറൻസ് അഭിപ്രായപ്പെട്ടു. അധ്യാപകർക്കോ രക്ഷിതാക്കൾക്കോ വിദ്യാർഥികളെ ഗുണദോഷിക്കാനുള്ള അവകാശമില്ലെന്ന പ്രചാരണത്തിന് പിന്നിലെ സ്വതന്ത്രവാദ ചതിക്കുഴികളെ സമൂഹം തിരിച്ചറിയണം. അതിരുവിട്ട ആഘോഷ ഭ്രമങ്ങൾ വിദ്യാർഥികളിൽ വളർത്തിയെടുക്കുന്നതിനു പിന്നിലുള്ളത് കുത്തക കമ്പനികളുടെ കച്ചവട തന്ത്രമാണ്. വിദ്യാർഥികൾക്ക് മാതൃകയാകേണ്ട അധ്യാപകർ കോസ്മെറ്റിക് വിപണിയുടെ പ്രചാരകരാവുന്നതിൽ നിന്നും മാറി നിൽക്കണം. വിദ്യാർഥികളിലെ അരുതായ്മകളെ തിരുത്താൻ അധ്യാപകർ ജീവിതം കൊണ്ട് യോഗ്യത നേടണമെന്നും അധ്യാപകരുടെ വീഴ്ചകൾ തലമുറയുടെ നാശത്തിന് കാരണമാകുമെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

വിദ്യാഭ്യാസ രംഗത്ത് ധാർമികതയെ ഹനിക്കാത്ത കാലോചിതമായ പരിഷ്കരണങ്ങളാണ് കൊണ്ടുവരേണ്ടത്. ആൽഫാ ജനറേഷനിൽപ്പെട്ട കുട്ടികളുമായി ഫലപ്രദമായി സംവദിക്കാൻ പ്രാപ്തരായ അധ്യാപകരെ വാർത്തെടുക്കാൻ ക്ലസ്റ്റർ പരിശീലനങ്ങൾക്കാകണം. രക്ഷാകർതൃ, അധ്യാപക, വിദ്യാർഥി കൂട്ടുത്തരവാദിത്തത്തിലൂടെയുള്ള ഇടപെടലുകൾക്കേ മൂല്യവത്തായ സമൂഹ സൃഷ്ടി സാധ്യമാകൂ. സൈബർ കുറ്റകൃത്യങ്ങൾ, സോഷ്യൽ മീഡിയ അഡിക്ഷൻ, ലഹരി തുടങ്ങിയവ മൂലമുണ്ടാകുന്ന സാമൂഹിക, ആരോഗ്യ, മാനസിക വെല്ലുവിളികളെ സംബന്ധിച്ച ബോധവൽക്കരണങ്ങൾ സ്കൂൾ തലത്തിൽ തന്നെ ആരംഭിക്കാനുള്ള പ്രവർത്തന രൂപരേഖകൾ തയ്യാറാക്കണം.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ഉപാധ്യക്ഷനും വിദ്യാഭ്യാസ വിചക്ഷണനുമായ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ സമ്മേളനം ഉദ്ഘാടനം ചെയ്തു. കുട്ടികളോടുള്ള പ്രവാചക സമീപനത്തിൽ അധ്യാപകർക്ക് ഏറെ ഗുണപാഠങ്ങളുണ്ട്. പുതിയ അധ്യാപന രീതികളുടെ ഏറ്റവും മൂർത്തമായ ഭാവങ്ങൾ മുഹമ്മദ് നബി(സ്വ)യുടെ അധ്യാപന ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. കുട്ടികളുടെ ഫീലിങ്ങുകൾ വായിച്ചെടുത്ത് അവരെ അഭിമുഖീകരിക്കാൻ അധ്യാപകർക്ക് സാധിക്കുമ്പോഴാണ് അധ്യാപനം ഫലവത്താകുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസി. ഡോ. പി.പി. നസീഫ് അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ് ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ്. വിസ്ഡം യൂത്ത് സംസ്ഥാന പ്രസി. കെ. താജുദ്ദീൻ സ്വലാഹി, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി ടി.കെ. നിഷാദ് സലഫി, വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി ജംഷീർ സ്വലാഹി, കെ.എ.ടി.എഫ്. സംസ്ഥാന പ്രസി. ടി.പി. അബ്ദുൽ ഹഖ്, കെ.എസ്.ടി.എ. മലപ്പുറം സെക്രട്ടറി പി. രത്നാകരൻ, വിസ്ഡം സ്റ്റുഡന്റ്സ് ജനറൽ സെക്രട്ടറി ടി. മുഹമ്മദ് ഷമീൽ തുടങ്ങിയവർ പ്രസംഗിച്ചു.

വിസ്ഡം വൈസ് പ്രസി. ഫൈസൽ മൗലവി പുതുപ്പറമ്പ്, വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസി. ഹാരിസ് കായക്കൊടി, കുസാറ്റ് ഷിപ് ടെക്നോളജി അസിസ്റ്റന്റ് പ്രൊഫസർ ഡോ. ടി.കെ ഫവാസ്, ഡോ. എം മുബീൻ, ഡോ. മുഹമദ് കുട്ടി കണ്ണിയൻ, പി. ലുബൈബ്, സി.പി. ഹിലാൽ, ഷംജാസ് കെ. അബ്ബാസ്, അബ്ദുൽ ഹമീദ് പറപ്പൂർ, റഷീദ് കുട്ടമ്പൂർ, മുഹമ്മദ് സ്വാദിഖ് മദീനി, അജ്മൽ ഫൗസാൻ, സി. മുഹമ്മദ് അജ്മൽ, ഡോ. ഷിയാസ് സ്വലാഹി, ഷമീം സ്വലാഹി, സിദ്ദീഖ് സ്വലാഹി, ഡോ. ഫവാസ് മാവൂർ, മുനവർ സ്വലാഹി, അബ്ദുല്ല സമീർ മദീനി, അബ്ദുറഹ്മാൻ ചുങ്കത്തറ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നായി നൂറുകണക്കിന് അധ്യാപകർ സമ്മേളനത്തിൽ പങ്കെടുത്തു. ■



# ഇസ്‌ലാമിന്റെ സമ്പൂർണത

മതങ്ങൾ എന്നത് കുറെ ആളുകൾ ദൈവത്തിന്റെ പേരിൽ വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും സ്വയംകൃതവും അല്ലാത്തതുമായ കർമങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം കൂട്ടിക്കുഴച്ച് വിവിധ തലങ്ങളിലും തട്ടുകളിലുമായി കൊണ്ടുനടക്കുന്ന ഒരു ഏർപാടാണ് എന്നാണ് പൊതുവെ കാണപ്പെടുകയും മനസ്സിലാക്കപ്പെടുകയും ചെയ്തിട്ടുള്ളത്. എല്ലാ മതവിഭാഗങ്ങളെയും പോലെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽനിന്നും മുസ്‌ലിം സമുദായവും മുക്തമല്ല എന്നത് വസ്തുതയാണ്. എന്നാൽ ഇസ്‌ലാമിക പ്രമാണങ്ങളിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും യാതൊരു പഴുതുമില്ല. എന്ന് മാത്രമല്ല അവയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുവാനാണ് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

മനുഷ്യന്റെ സൃഷ്ടി പ്രകൃതിയുടെ സകലമാന പ്രത്യേകതകളും പരിഗണിച്ചുകൊണ്ടാണെന്ന് ചിന്തിക്കുന്നവർക്ക് ബോധ്യമാകും. തന്നെ ഒരു ഉത്തമ പൗരനാക്കുന്ന, ആത്യന്തിക വിജയത്തിന് നയിക്കുന്ന ഒരു മാർഗനിർദേശത്തെക്കുറിച്ചുള്ള ചിന്തയും അന്വേഷണവുമാണ് മനുഷ്യനിൽനിന്നുണ്ടാകേണ്ടത്. മനുഷ്യന്റെ മാനസിക-ശാരീരിക അവസ്ഥകളെക്കുറിച്ചും ആവാസ വ്യവസ്ഥയെക്കുറിച്ചുമെല്ലാം നന്നായി അറിയുക അവന്റെ സ്രഷ്ടാവിനായിരിക്കുമല്ലോ. സർവശക്തനും സർവാധീശനുമായ ഒരുവന് മാത്രമെ മേൽപറഞ്ഞ രൂപത്തിലുള്ള അന്യൂനമായ മാർഗദർശനം നൽകാൻ കഴിയൂ എന്നതിൽ സംശയമില്ല. ആ മാർഗദർശനത്തിനാണ് ഇസ്‌ലാം എന്ന് പറയുന്നത്.

മനുഷ്യൻ സംസ്കൃതനാകുവാനും ഇഹപര വിജയത്തിന് അർഹനാകുവാനുമുള്ള ദൈവിക മാർഗദർശനമാണ് ഇസ്‌ലാം എന്നർഥം. മനുഷ്യവാസമുണ്ടായ ഭൂപ്രദേശങ്ങളിലെല്ലാം ദൈവിക കൽപന പ്രകാരം അവനെ മാത്രം ആരാധിച്ച് ജീവിക്കുവാനുള്ള ഉദ്ബോധനങ്ങളുമായി പ്രവാചകന്മാർ അയക്കപ്പെട്ടിട്ടുണ്ടെന്ന് വിശുദ്ധ ക്വുർആൻ വ്യക്തമാക്കിയതായി കാണാം: "...എല്ലാ ജനവിഭാഗത്തിനുമുണ്ട് ഒരു മാർഗദർശി"(13:7). "ഓരോ സമൂഹത്തിനും ഓരോ ദൂതനുണ്ട്..." (10:47).

വിവിധ നാടുകളിലേക്കും വ്യത്യസ്ത ജനവിഭാഗങ്ങളിലേക്കുമാണ് പ്രവാചകന്മാർ നിയോഗിതരായതെങ്കിലും അവരുടെ പ്രബോധനത്തിന്റെ അടിസ്ഥാന ശിലകൾ ഒന്നുതന്നെയായിരുന്നു. സ്രഷ്ടാവും സംരക്ഷകനും മരിപ്പിക്കുന്നവനും ഏകനായ അല്ലാഹു മാത്രമാണ്. അവൻ മാത്രമാണ് ആരാധനകൾ അർഹിക്കുന്നത്. അവനോട് മാത്രമെ പ്രാർഥിക്കാവൂ. മരണത്തോടെ ജീവിതം അവസാനിക്കുന്നില്ല. ലോകം ഒരുനാൾ അവസാനിക്കും. പുനരുദ്ധാരണത്തിന് ശേഷം വിചാരണ ചെയ്യപ്പെടും. സത്യവിശ്വാസം സ്വീകരിച്ച് സൽകർമങ്ങൾ ചെയ്ത് ജീവിച്ചവർക്ക് ശാശ്വത സ്വർഗജീവിതം പ്രതിഫലമായി ലഭിക്കും. അല്ലാത്തവർ നരക ശിക്ഷക്ക് വിധേയരാകും. ഇത് എല്ലാ പ്രവാചകന്മാരും പഠിപ്പിച്ച ആദർശമാണ്.

പ്രമാണങ്ങൾ നേർക്കുനേരെ വിശദമാക്കിക്കൊടുക്കുക എന്നതാണ് പ്രബോധകന്റെ കടമ. അതിൽ തന്നിഷ്ടങ്ങൾ കൂട്ടിച്ചേർക്കുവാനോ ഉള്ളതിൽ കുറവു വരുത്തുവാനോ ആർക്കും അവകാശമില്ല. അതുപോലെ ആദർശം ആരെയും അടിച്ചേൽപിക്കുവാനും ഇസ്‌ലാം പറയുന്നില്ല. പ്രവാചകനോടായി അല്ലാഹു പറയുന്നു: "പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ" (18:29).

"മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽനിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (2:256).



വിവ. അബ്ദുൽ ജബ്ബാർ മദീനി

# സംഘടിത നമസ്കാരം

പള്ളികളിൽ ജമാഅത്തായുള്ള (സംഘടിതമായുള്ള) നമസ്കാരം ഇസ്‌ലാമികചിഹ്നങ്ങളിൽ മഹനീയമാകുന്നു. അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങൾ പള്ളിയിൽവച്ച് നിർവഹിക്കൽ അതിമഹത്തായ പുണ്യകർമമാണെന്നതിൽ മുസ്‌ലിംകൾ ഏകോപിച്ചിരിക്കുന്നു. നിർണിത സമയങ്ങളിൽ സമ്മേളിക്കുകയെന്നത് ഈ സമുദായത്തിന് അല്ലാഹു നിയമമാക്കിയിരിക്കുന്നു. അഞ്ചുനേരത്തെ നമസ്കാരങ്ങൾ, ജുമുഅ നമസ്കാരം, പെരുന്നാൾ നമസ്കാരം, ഗ്രഹണ നമസ്കാരം എന്നിവ അതിൽപെട്ടതാണ്. സമ്മേളനങ്ങളിൽ ഏറ്റവും മഹത്തരമായതും അതിപ്രധാനമായതും അറഫയിൽ സമ്മേളിക്കലാണ്. വിശ്വാസങ്ങളിലും ആരാധനകളിലും മതചിഹ്നങ്ങളിലും ഇസ്‌ലാമിക സമൂഹത്തിന്റെ ഐക്യത്തിലേക്കാണ് അത് വിരൽചൂണ്ടുന്നത്. മുസ്‌ലിംകളുടെ നന്മകൾക്കുവേണ്ടി കൂടിയാണ് ഇസ്‌ലാമിൽ ഇത്തരം മഹത്തായ

കാഴ്ചയില്ലാത്ത ഒരു വ്യക്തി; അയാളെ കൂട്ടിക്കൊണ്ടുവരാൻ ആളുണ്ടായിരുന്നില്ല. അദ്ദേഹം തന്റെ വീട്ടിൽ നമസ്കരിക്കുവാൻ തിരുനബിയോട് അനുവാദം ചോദിച്ചു. അപ്പോൾ അദ്ദേഹത്തിനു തിരുമേനി ഇളവുനൽകി. അദ്ദേഹം തിരിച്ചുപോയപ്പോൾ നബി(സ്വ) അദ്ദേഹത്തെ വിളിച്ചുകൊണ്ടു ചോദിച്ചു: "നമസ്കാരത്തിനുള്ള ബാങ്കുവിളി താങ്കൾ കേൾക്കുന്നുണ്ടോ?" അദ്ദേഹം പറഞ്ഞു: "അതെ." തിരുമേനി(സ്വ) പറഞ്ഞു: "എങ്കിൽ താങ്കൾ ഉത്തരമേകണം (നമസ്കാരത്തിന്റെ ജമാഅത്തിൽ പങ്കെടുക്കണം)."

സമ്മേളനങ്ങൾ നിയമമാക്കിയത്. മുസ്‌ലിംകൾ വ്യത്യസ്ത കക്ഷികളും ഗോത്രങ്ങളുമായിരിക്കെത്തന്നെ അവർക്കിടയിൽ പരസ്പരബന്ധം ചാർത്തുക, അന്യോന്യം അവസ്ഥകൾ അന്വേഷിക്കുക പോലുള്ള, സമുദായത്തിനു ബാധകമാകുന്ന നന്മകളെല്ലാം അതിൽ പെട്ടതാണ്. അല്ലാഹു പറഞ്ഞു:

"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു" (ക്വുർആൻ 49:13).

### സംഘടിതനമസ്കാരത്തിന്റെ മഹത്ത്വം

സംഘടിതമായുള്ള നമസ്കാരത്തിനു തിരുനബി(സ്വ) പ്രോത്സാഹനമേകുകയും അതിന്റെ ശ്രേഷ്ഠതയും മഹത്തായ പ്രതിഫലവും വ്യക്തമാക്കുകയും ചെയ്തു. നബി(സ്വ) പറഞ്ഞു: "ജമാഅത്തായുള്ള നമസ്കാരം ഒറ്റക്കു നമസ്കരിക്കുന്നതിനെക്കാൾ ഇരുപത്തി ഏഴു ദറജ ശ്രേഷ്ഠമാണ്."

മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം: "ഒരു വ്യക്തി അയാളുടെ വീട്ടിലും അങ്ങാടിയിലും നമസ്കരിക്കുന്നതിനെക്കാൾ ജമാഅത്തായുള്ള അയാളുടെ നമസ്കാരം ഇരുപത്തിയഞ്ചിരട്ടിയായി വർധിപ്പിക്കപ്പെടും. അയാൾ വുദൂഅ് ചെയ്യുകയും അത് നന്നാക്കുകയും ശേഷം നമസ്കാത്തിനായി അയാൾ പള്ളിയിലേക്കു പുറപ്പെടുകയും ചെയ്തു; നമസ്കാരമല്ലാതെ മറ്റൊരുദ്ദേശ്യവും അയാൾക്കില്ല. അയാൾക്ക് ഒരു പദവി ഉയർത്തപ്പെടാതെയും അയാളിൽനിന്ന് ഒരു തെറ്റ് മായ്ക്കപ്പെടാതെയും അയാൾ ഒരു കാലടിയും വെക്കുന്നില്ല. അയാൾ നമസ്കരിച്ചാൽ അയാളുടെ മുസ്വല്ലയിൽ അയാൾ കഴിയുന്ന സമയമത്രയും മലക്കുകൾ അയാൾക്കു കാരുണ്യത്തിനുവേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കും..."

### ജമാഅത്തുനമസ്കാരത്തിന്റെ വിധി

നിർബന്ധമായ അഞ്ചുനേരത്തെ നമസ്കാരങ്ങൾ ജമാഅത്തായി നിർവഹിക്കൽ വാജിബ് (നിർബന്ധം) ആകുന്നു. അവ ജമാഅത്തായി നമസ്കരിക്കൽ വാജിബാണെന്നത് ക്വുർആനും സുന്നത്തും വിളിച്ചറിയിക്കുന്നു. വിശുദ്ധ ക്വുർആനിൽ അല്ലാഹു പറഞ്ഞു:

"(നബിയേ,) നീ അവരുടെ കൂട്ടത്തിലുണ്ടായിരിക്കുകയും, അവർക്ക് നേതൃത്വം നൽകിക്കൊണ്ടു നമസ്കാരം നിർവഹിക്കുകയുമാണെങ്കിൽ അവരിൽ ഒരു വിഭാഗം നിന്റെ കൂടെ നിൽക്കട്ടെ" (ക്വുർആൻ 4:102).

ഈ കൽപന നിർബന്ധത്തിനാകുന്നു. (യുദ്ധസന്ദർഭം പോലുള്ള) ഭയമുള്ള വേളയിൽ പോലും ജമാഅത്തായിട്ടാണ് നമസ്കരിക്കേണ്ടതെങ്കിൽ നിർഭയത്വമുള്ളപ്പോൾ ജമാഅത്തായി നമസ്കാരം നിർവഹിക്കൽ തീർത്തും ന്യായമാണ്. അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: "കപടവിശ്വാസികൾക്ക് ഏറ്റവും ഭാരിച്ച നമസ്കാരം ഇശാഅ് നമസ്കാരവും ഫജ്ർ നമസ്കാരവുമാണ്. അവ രണ്ടിലുമുള്ളത് (പ്രതിഫലം) അവർ അറിഞ്ഞിരുന്നുവെങ്കിൽ ഇഴഞ്ഞുകൊണ്ടെങ്കിലും അവർ അതിലേക്ക് വന്നെത്തുമായിരുന്നു.

നിശ്ചയം, ഇക്വാമത്ത് വിളിക്കപ്പെട്ടു നമസ്കരിക്കുവാനും ജനങ്ങൾക്ക് ഇമാമുനിന്ന് നമസ്കരിക്കുവാൻ ഒരാളോടു കൽപിക്കുവാനും വിറകുകെട്ടുകളുള്ള ആളുകളെ എന്റെ കൂടെകൂട്ടി നമസ്കാരത്തിനു ഹാജറാകാത്ത ആളുകളിലേക്കു പോകുവാനും അവരെ ഉൾപ്പെടുത്തി അവരുടെ വീടുകൾ തീകൊണ്ട് കരിക്കുവാനും ഞാൻ വിചാരിച്ചു." ഈ ഹദീസു പ്രകാരം നമസ്കാരം ജമാഅത്തായി നിർവഹിക്കൽ നിർബന്ധമാണെന്ന് അറിയിക്കുന്ന വിഷയങ്ങൾ:

*ഒന്ന്:* ജമാഅത്തിൽനിന്നു പിന്തുന്നവരെ നിഫാക്വു(കാപട്യം)കൊണ്ട് നബി(സ്വ) വിശേഷിപ്പിച്ചു. സുന്നത്തിൽനിന്ന് പിന്തുന്നവൻ മുനാഫിക്വായി ഗണിക്കപ്പെടുകയില്ല. അതിനാൽതന്നെ ഒരു വാജിബിൽനിന്നാണ് അവർ പിന്തിയതെന്ന് ഇത് അറിയിക്കുന്നു.

*രണ്ട്:* ജമാഅത്തിൽനിന്ന് അവർ പിന്തിയതിൽ തിരുനബി(സ്വ) അവരെ ശിക്ഷിക്കുവാൻ ഭാവിച്ചു. ഒരു വാജിബ് ഒഴിവാക്കിയാൽ മാത്രമാണ് ശിക്ഷയുണ്ടാവുക. അല്ലാഹുവല്ലാതെ തീകൊണ്ട് ശിക്ഷിക്കുകയില്ലെന്നതു മാത്രമാണ് പ്രസ്തുത ശിക്ഷ നടപ്പിലാക്കുതിനു തിരുനബിക്കു തടസ്സമായത്. വീടുകളിലുള്ള ജമാഅത്തു നമസ്കാരം നിർബന്ധമില്ലാത്ത സ്ത്രീകളും കുട്ടികളുമാണ് അതിൽനിന്ന് തിരുമേനിയെ തടഞ്ഞത് എന്നും പറയപ്പെട്ടിട്ടുണ്ട്.

കാഴ്ചയില്ലാത്ത ഒരു വ്യക്തി; അയാളെ കൂട്ടിക്കൊണ്ടുവരാൻ ആളുണ്ടായിരുന്നില്ല. അദ്ദേഹം തന്റെ വീട്ടിൽ നമസ്കരിക്കുവാൻ തിരുനബിയോട് അനുവാദം ചോദിച്ചു. അപ്പോൾ അദ്ദേഹത്തിനു തിരുമേനി ഇളവുനൽകി. അദ്ദേഹം തിരിച്ചുപോയപ്പോൾ നബി(സ്വ) അദ്ദേഹത്തെ വിളിച്ചുകൊണ്ടു ചോദിച്ചു: "നമസ്കാരത്തിനുള്ള ബാങ്കുവിളി താങ്കൾ കേൾക്കുന്നുണ്ടോ?" അദ്ദേഹം പറഞ്ഞു: "അതെ." തിരുമേനി(സ്വ) പറഞ്ഞു: "എങ്കിൽ താങ്കൾ ഉത്തരമേകണം (നമസ്കാരത്തിന്റെ ജമാഅത്തിൽ പങ്കെടുക്കണം)."

നബി(സ്വ) പറഞ്ഞു: "വല്ലവനും ബാങ്കുവിളി കേൾക്കുകയും എന്നിട്ട് അതിന് ഉത്തരമേകുകയും ചെയ്തില്ലെങ്കിൽ (ജമാഅത്തു നമസ്കാരത്തിൽ പങ്കെടുത്തില്ലെങ്കിൽ) അയാൾക്ക് നമസ്കാരമില്ല; ഒഴിവുകഴിവ് ഉണ്ടായാലല്ലാതെ." ഇബ്നു മസ്ഊദ്(റ) പറഞ്ഞു: "കാപട്യം അറിയപ്പെട്ട മുനാഫിക് അല്ലാതെ ജമാഅത്തു നമസ്കാരത്തിൽനിന്ന് പിന്തുന്നതായി ഞങ്ങൾ കണ്ടിരുന്നില്ല."

നമസ്കാരം ജമാഅത്തായി നിർവഹിക്കൽ പുരുഷന്മാർക്ക് വാജിബാകുന്നു. സ്ത്രീകൾക്കും പ്രായപൂർത്തിയാകാത്ത കുട്ടികൾക്കും വാജിബല്ല. മറയും സുരക്ഷിതത്വവും കുഴപ്പങ്ങളിൽനിന്നുള്ള നിർഭയത്വവും ഉണ്ടായാൽ സ്ത്രീകൾക്കു പള്ളിയിൽ ജമാഅത്തിന് ഹാജരാവുന്നതിൽ യാതൊരു തടസ്സവുമില്ല. ഭാര്യ പള്ളിയിലേക്ക് അനുവാദം ചോദിച്ചാൽ അവളെ തടയുവാൻ ഭർത്താവിനു പാടുള്ളതല്ല.

ജമാഅത്തായി നമസ്കരിക്കൽ ആർക്കാണോ നിർബന്ധം അവർ പള്ളിയിൽ നമസ്കരിക്കണം എന്നതാണ് സ്വഹീഹായ അഭിപ്രായം. വല്ലവനും യാതൊരു ഒഴിവുകഴിവുമില്ലാതെ ജമാഅത്ത് ഉപേക്ഷിക്കുകയും ഒറ്റക്ക് നമസ്കരിക്കുകയും ചെയ്താൽ അവന്റെ നമസ്കാരം സ്വഹീഹാകും. എന്നാൽ വാജിബ് ഉപേക്ഷിച്ചതിൽ (ജമാഅത്ത് ഉപേക്ഷിച്ചതിൽ) അവൻ കുറ്റക്കാരനാകും.

**നമസ്കാരം ജമാഅത്തിനൊപ്പം വീണ്ടും നിർവഹിക്കൽ**

നമസ്കരിച്ച ഒരു വ്യക്തി പള്ളിയിൽ പ്രവേശിച്ചാൽ താൻ ആദ്യം നിർവഹിച്ചതു ജമാഅത്തിനോടൊപ്പം വീണ്ടും നമസ്കരിക്കൽ അയാൾക്കു നിർബന്ധമില്ല. അയാൾക്ക് അത് സുന്നത്തു മാത്രമാണ്. ആദ്യം നിർവഹിച്ചത് ഫർദും രണ്ടാമത്തെത് സുന്നത്തുമായിരിക്കും. അബൂദർറി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്. അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "നമസ്കാരം അതിന്റെ സമയത്തെത്തൊട്ട് പിന്തിപ്പിക്കുകയോ അല്ലെങ്കിൽ നമസ്കാരത്തെ പിന്തിപ്പിച്ച് അതിന്റെ ചൈതന്യം കെടുത്തുകയോ ചെയ്യുന്ന ഉമറാക്കൾ താങ്കളുടെ മേലാധികാരികളായി ഉണ്ടായിരിക്കെ താങ്കളുടെ നിലപാട് എന്തായിരിക്കും?" ഞാൻ ചോദിച്ചു: "അവിടുന്ന് എന്താണ് എന്നോടു കൽപിക്കുന്നത്?" തിരുമേനി പറഞ്ഞു: "താങ്കൾ നമസ്കാരം അതിന്റെ സമയത്ത് നിർവഹിക്കുക. അതിൽപിന്നെ അവരോടൊപ്പം (ഉമറാക്കളോടൊപ്പം) നമസ്കാരം ലഭിച്ചാൽ അപ്പോഴും നമസ്കരിക്കുക. അപ്പോൾ താങ്കൾക്ക് അതു സുന്നത്താണ്."

പള്ളിയിൽ ജമാഅത്തുനമസ്കാരത്തിൽനിന്ന് മാറിനിന്ന രണ്ടുപേരോട് തിരുനബി(സ്വ) പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ നാട്ടിൽ നമസ്കരിക്കുകയും ശേഷം ജമാഅത്തുനമസ്കാരമുള്ള പള്ളിയിൽ വരികയുമായാൽ നിങ്ങൾ അവരോടൊപ്പം നമസ്കരിക്കുക. അപ്പോൾ അതു നിങ്ങൾക്ക് സുന്നത്താണ്."

**ജമാഅത്ത് സംഘടിതമാകുവാനുള്ള ആൾബലം**

ജമാഅത്തിന്റെ ഏറ്റവും കുറഞ്ഞ എണ്ണം രണ്ടുപേരാകുന്നു എന്നതിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. മാലിക് ഇബ്നുൽഹുവയ്രസി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "നമസ്കാര സമയമായാൽ നിങ്ങൾ ബാങ്കുവിളിക്കുകയും ശേഷം ഇക്വാമത്ത് വിളിക്കുകയും ചെയ്യുക. രണ്ടുപേരിൽ മുതിർന്നവൻ നിങ്ങളിൽ ഇമാമു നിൽക്കട്ടെ." *(തുടരും)*

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽ ഫിക്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)*

മുആദ് പകര

മതം വേണ്ട, മനുഷ്യനായാൽ പോരേ?' ലിബറൽ ചിന്ത മനസ്സിൽ കയറിയ പുതുതലമുറക്കാരുടെ ചോദ്യമാണിത്. കേൾക്കുമ്പോൾ തന്നെ 'അതെ' എന്ന് പറയാൻ തോന്നുന്ന ചോദ്യം. മനുഷ്യനാവുക എന്നത് പ്രധാനംതന്നെ! എങ്ങനെയാണീ 'മനുഷ്യനാകൽ?' 'ഫിസിക്കലി'യാണെങ്കിൽ എല്ലാ മനുഷ്യരും മനുഷ്യർ തന്നെ.

'നിയമവും നിയമാവലികളും ഭരണഘടനയും ഭരണാധികാരികളും ഇനി നമ്മുടെ രാജ്യത്ത് വേണ്ട, എല്ലാവരും മനുഷ്യനായി ജീവിച്ചാൽ മതി' എന്ന ആശയത്തോട് ആർക്കെങ്കിലും യോജിക്കാൻ കഴിയുമോ? ഒരിക്കലുമില്ല. കാരണം അങ്ങനെയുള്ള ഒരു രാജ്യത്തിന് നിലനിൽക്കാൻ സാധിക്കില്ല. അവിടെ സമാധാനജീവിതം അസാധ്യമായിരിക്കും. ഓരോരുത്തരും അവനവന്റെ ഇഛയ്ക്കനുസരിച്ച് ജീവിക്കും. തോന്നിയതൊക്കെ ചെയ്യും. അരുതെന്നു പറയാനും ശിക്ഷിക്കാനും ആരുമില്ലെങ്കിൽ സർവവിധ അക്രമങ്ങളും പെരുകും. നീതി നടപ്പിലാക്കുന്ന അധികാരികളില്ലെങ്കിൽ ആർക്കാണ് നീതി ലഭിക്കുക?

'മനുഷ്യനായാൽ പോരേ' എന്നു ചോദിക്കുന്നവർ എങ്ങനെയാണീ 'മനുഷ്യനാകൽ' എന്നു വ്യക്തമാക്കണം. നേരത്തെ സൂചിപ്പിച്ചതുപോലെ, ശാരീരികമായി എല്ലാവരും മനുഷ്യർ തന്നെയാണ്. എന്നാൽ മനുഷ്യനെ മനുഷ്യനാക്കുന്ന കുറെ ഗുണങ്ങളുണ്ട്; മനുഷ്യനെ മൃഗങ്ങളിൽനിന്നും വ്യതിരിക്തമാക്കുന്ന ഉദാത്ത ഗുണങ്ങൾ. അവ ഒത്തുചേരുമ്പോഴാണ് ഒരാൾ യഥാർഥ മനുഷ്യനാകുന്നത്. ആ ഗുണങ്ങൾ പഠിപ്പിക്കുന്നത് മതമാണ്.



# 'മതം വേണ്ട; മനുഷ്യനായാൽ പോരേ?'

ജന്തുജാലങ്ങൾ വസ്ത്രം ധരിക്കാറില്ല. ലൈംഗികബന്ധത്തിന്റെ കാര്യത്തിൽ അവയ്ക്ക് നിയന്ത്രണങ്ങളോ വിലക്കുകളോ ഇല്ല. ആയിരക്കണക്കിന് ആളുകൾ കൂടിയ സ്ഥലത്തുവച്ചും അവരത് സാധിക്കും. അച്ഛൻ, അമ്മ, മകൻ, മകൾ എന്ന വേർതിരിവൊന്നും അതിൽ കാണിക്കില്ല. എന്നാൽ മനുഷ്യർ അങ്ങനെയല്ല. അത് മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളിൽ ഒന്നാണ്. ഈ വേർതിരിവ് വേണം എന്നു പഠിപ്പിക്കുന്നത് മതമാണ്. മതം വേണ്ട എന്നു പറയുന്ന സ്വതന്ത്ര വാദികൾ ധാർമിക മൂല്യങ്ങളെയെല്ലാം നിഷേധിക്കുന്നവരാണ്. ആരുമായും ലൈംഗിക ബന്ധമാകാം എന്ന വാദക്കാരാണ്. ശരീരത്തിന്റെ നഗ്നത പ്രദർശിപ്പിച്ചു നടക്കൽ പുരോഗമനത്തിന്റെ അടയാളമാണ് എന്നു പറയുന്നവരാണ്.

'ദൈവിക നിയമങ്ങളിൽ മാത്രമല്ല മനുഷ്യനിർമിത ഭൗതികനിയമങ്ങളിലും സദാചാരവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാൻ നിയമങ്ങളുണ്ട്' എന്ന് യുക്തിവാദികൾ പറയാറുണ്ട്. അവനവനു തോന്നുന്നതെന്തോ അതെല്ലാമാണല്ലോ യുക്തിവാദിയുടെ സദാചാരം. യുക്തിവാദി നേതാവായിരുന്ന എം.സി.ജോസഫ് പറഞ്ഞു: 'സദാചാരബോധത്തിനടിസ്ഥാനം ബുദ്ധിശക്തിയുടെയും യുക്തിബോധത്തിന്റെയും സ്വതന്ത്ര പ്രവർത്തനമാണ്.'

യുക്തിബോധത്തിൽനിന്ന് ഉടലെടുക്കുന്നതെല്ലാം സദാചാരമാണെന്ന യുക്തിവാദികളുടെ ആശയം സമൂഹം ഉൾക്കൊണ്ടാൽ എന്തായിരിക്കും ലോകത്തിന്റെ അവസ്ഥ? അമ്മയെ തല്ലുന്നവനും മക്കളെ കൊല്ലുന്നവനും തന്റെ യുക്തിബോധത്തിന്റെ അടിസ്ഥാനത്തിലാണതു ചെയ്തതെന്നും അത് യുക്തിവാദ സദാചാരമാണെന്നും പറയാമല്ലോ!

യുക്തിവാദികളുടെ യുക്തിരഹിതമായ സദാചാര സങ്കൽപത്തിനു വെല്ലുവിളിയായി നിലകൊള്ളു ന്നത് ഇസ്‌ലാം മാത്രമാണ്. സദാചാരത്തെക്കുറിച്ചുള്ള യുക്തിവാദ വീക്ഷണവും ഇസ്‌ലാമികവീക്ഷണവും പരിശോധനാവിധേയമാക്കിയാൽ ഇക്കാര്യം വ്യക്തമാകും. ■

**മുജീബ് ഒട്ടുമ്മൽ**

: 97444 31890

സ്വയംകൃതാനർഥങ്ങളുടെ തടവുകാരായി വർഗീയതയിലേക്ക് എടുത്തെറിയപ്പെട്ടിരിക്കുകയാണ് കേരളത്തിലെ തൊഴിലാളി പാർട്ടി. ധ്രുവീകരണമെന്ന വിനാശത്തിലേക്ക് ആപതിക്കണമോ അതോ സമൂഹത്തിന് താരതമ്യേന പരുക്ക് കുറഞ്ഞ കേന്ദ്രഭീഷണിയോട് പ്രതികരിക്കണമോ എന്ന് തീരുമാനിക്കേണ്ടത് ഉന്നത നേതൃത്വമാണ്. രണ്ടായാലും പൊതുസമൂഹം പ്രതീക്ഷിച്ചതിന് നേർവിപരീത ദിശയിലേക്കാണ് പാർട്ടി പോയിക്കൊണ്ടിരിക്കുന്നത്.




'കമ്യൂണിസ്റ്റുകളും മുസ്‌ലിംകളും വർഗീയവാദികളും ചേർന്ന് ദേശീയ ഐക്യത്തെ തുരങ്കം വയ്ക്കാൻ വ്യവസ്ഥാപിതമായ മാർഗത്തിലൂടെ ഒരു ഗൂഢാലോചന സംഘടിപ്പിച്ചിരിക്കുന്നു. കേരളത്തിൽ അവർ പാകിസ്ഥാന്റെ ഒരു കോഴിക്കുഞ്ഞിനെ വിരിയിക്കുകയാണ്. കാലാന്തരത്തിൽ അതൊരു പൂവൻ കോഴിയാവും. സിംഹത്തിന്റെ മൂന്നിരട്ടി ഭയങ്കരനായ കോഴിപ്പൂവൻ.' മലപ്പുറം ജില്ലയുടെ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ സംഘപരിവാര അനുകൂല മാധ്യമമായ ഫ്രീ പ്രസ് ജേർണൽ എന്ന പത്രം എഴുതിയ വരികളാണിത്. അത്യാധുനിക കാലത്തെ മലപ്പുറം വിരുദ്ധതയുടെ പുതിയ പതിപ്പായി കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ ദി ഹിന്ദു പത്രത്തിനു നൽകിയ അഭിമുഖം ആശ്ചര്യത്തോടെ നമുക്ക് വായിക്കാനാകും.

'അഞ്ചുവർഷത്തിനിടെ മലപ്പുറത്തുനിന്ന് 150 കിലോ സ്വർണവും 123 കോടി രൂപയുടെ ഹവാലപ്പണവും പോലീസ് പിടികൂടി. ഈ പണം രാജ്യദ്രോഹ പ്രവർത്തനങ്ങൾക്കായാണ് ഉപയോഗിക്കുന്നത്. മുസ്‌ലിം

# ‘ചോര വീണ മൺവഴി’യിൽ വർഗീയത തളിരിടുന്നുവോ?




തീവ്രവാദ സംഘങ്ങൾക്കെതിരെ നടപടി എടുക്കുമ്പോൾ സർക്കാർ മുസ്‌ലിംകൾക്കെതിരെയെന്ന് വ്യാജ പ്രചാരണം നടത്തുകയാണ്. വിവാദത്തിന് മുന്നിൽ രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ട്.’

മലപ്പുറം ജില്ല രാജ്യവിരുദ്ധ പ്രവർത്തനങ്ങളുടെ പറുദീസയാണെന്ന് കാലങ്ങളായി സംഘപരിവാരങ്ങൾ ആവർത്തിച്ച് കൊണ്ടിരുന്ന ആരോപണങ്ങൾ കമ്യൂണിസ്റ്റ് മുഖ്യമന്ത്രിയിൽനിന്ന് വരുന്നത് നിസ്സാരമായ കാര്യമല്ല. ഭരണപക്ഷത്തെ ഒരു എം എൽ എയുടെ ന്യായമായ ചില പ്രസ്താവനകളോട് ഒരു ഭരണാധികാരി പ്രതികരിക്കേണ്ടത് ഇങ്ങനെയാണോ എന്ന് സ്വാഭാവികമായും ചോദിക്കേണ്ടി വരുന്നു. മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ പൊരുൾ സമൂഹം ഗൗരവത്തിൽ ചർച്ച ചെയ്യേണ്ടതുണ്ട്. സമീപകാലത്തായി സംഘപരിവാരങ്ങളെ വെല്ലുന്ന വിധമുള്ള പ്രസ്താവനകൾ നടത്തുന്നതിലെ വികാരമെന്തെന്നും ചർച്ചയിൽ വരണം. മലപ്പുറത്ത് സ്വർണക്കള്ളക്കടത്തും ഹവാലാ ഇടപാടുകളും ഉണ്ടെന്നും അതിന്റെ കണക്കും മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ അടങ്ങിയിട്ടുണ്ട്.

ഹവാലാ ഇടപാടുകളും സ്വർണ കള്ളക്കടത്തും അതിന്റെ കണക്കുകൾ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുമ്പോൾ മലപ്പുറത്തെ മാത്രം പരിഗണിച്ചതിലെ രാഷ്ട്രീയമെന്താണ്? ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കാണിതുപയോഗിക്കുന്നതെന്ന് പരാമർശിച്ചിരുന്ന മുഖ്യമന്ത്രി ഹവാല കണക്കുകളെ പോലെ മലപ്പുറത്ത് നടന്ന ദേശവിരുദ്ധ പ്രവർത്തനങ്ങളുടെയും അനുബന്ധ കേസുകളുടെയും കണക്കുകൾ കൂടി അവതരിപ്പിക്കണമായിരുന്നു. മലപ്പുറത്തെ ക്രിമിനൽ ജില്ലയായി മുദ്രകുത്താൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഭരണം ദുരുപയോഗം ചെയ്യുന്നുവെന്ന ഭരണപക്ഷ എം എൽ എയുടെ ആരോപണത്തെ ശരിവയ്ക്കുന്ന പ്രസ്താവനയാണിത്. മലപ്പുറത്തിന്റെ പ്രതിഛായ തകർക്കാൻ ലക്ഷ്യമിട്ട് കൊണ്ട് തന്നെയാണ് ദേശീയ മാധ്യമത്തിൽ ഇങ്ങനെ പരമാർശിച്ചതെന്ന ആരോപണത്തെയും ശരിവയ്ക്കുന്നുണ്ട്. എഡിജിപി എംആർ അജിത് കുമാറിനെതിരെ ഗുരുതരമായ ആരോപണങ്ങളുയർന്നിട്ടും സംരക്ഷണം നൽകുന്ന മുഖ്യമന്ത്രിയുടെ സമീപനം ആശങ്കയുണ്ടാക്കുന്നുണ്ട്.

തൃശൂരിലെ ആർ എസ് എസ് പഠന ക്യാമ്പിൽ ചെന്ന് ദത്താത്രേയ ഹൊസബലയെ കാണുകയും അവരുമായി ചർച്ച നടത്തുകയും ചെയ്ത എഡിജിപി എംആർ അജിത്കുമാറിന്റ ഔദ്യോഗിക ഇടപെടലുകൾ അന്നത്തെ ചർച്ചാ തീരുമാനങ്ങൾ നടപ്പിലാക്കുകയാണെന്ന് ന്യായമായും സംശയിക്കാവുന്നതാണ്. മറ്റൊരു നേതാവായ റാം മാധവുമായും എഡിജിപി കൂടിക്കാഴ്ച നടത്തിയതായി മാധ്യമങ്ങൾ അവകാശപ്പെടുന്നുണ്ട്. അതിന്റെ അനുരണനങ്ങളാണ് മലപ്പുറം ജില്ലയിലും മുസ്‌ലിം സമുദായത്തിനിടയിലും

കേസുകൾ വർധിച്ചു കൊണ്ടിരിക്കുന്നത് എന്നും മാധ്യമങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവർ ഹെൽമെറ്റ് വയ്ക്കാത്തതിന് പോലും വ്യത്യസ്ത എഫ് ഐ ആറുകൾ തയ്യാറാക്കി കേസ് വർധിപ്പിച്ചുകൊണ്ട് മേലുദ്യോഗസ്ഥനെ പ്രീണിപ്പിക്കുന്ന സമീപനവും മലപ്പുറത്തെ പല പോലീസ് സ്റ്റേഷനുകളിൽ ഉണ്ടായിട്ടുണ്ട്. മുസ്‌ലിം നാമധാരിയായിരുന്നെങ്കിൽ ഭരണ കക്ഷി എംഎൽഎമാർക്ക് പോലും രക്ഷയില്ലെന്നതാണ് അൻവർ എംഎൽഎ യുമായി ബന്ധപ്പെട്ട ചർച്ചകൾ ബോധ്യപ്പെടുത്തുന്നത്.

**ഒരു സഖാവിന്റെ രോദനം**

മലപ്പുറം ജില്ലയിലെ താനൂർ പോലീസ് സ്റ്റേഷനിൽ നടന്ന കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട വിവാദങ്ങൾ ചർച്ചയായപ്പോൾ സി പി എമ്മിന്റ യുവജന പ്രസ്ഥാനത്തിലെ ഒരു പ്രവർത്തകന്റെ വേദന ഫെയ്സ്ബുക്കിൽ അദ്ദേഹം എഴുതുകയുണ്ടായി.

രാഷ്ട്രീയ പ്രേരിതമായ സംഭവങ്ങളിൽ ഉടലെടുത്ത ഗൗരവ സ്വഭാവമില്ലാത്ത എണ്ണം കുറഞ്ഞ കേസുകളുടെ പേരിൽ സ്ഥിരം കുറ്റവാളികളുടെ മേൽ നിയമങ്ങൾക്കതീതമായി ഉപയോഗിക്കാറുള്ള സി ആർ പി സി 107 അദ്ദേഹത്തിന്റ മേൽ നടപ്പാക്കാൻ ശ്രമിച്ചു. കീഴടങ്ങി ജാമ്യമെടുക്കാനുള്ള പോലീസിന്റ നിർദേശം അദ്ദേഹം നിരസിച്ച് കോടതിയെ സമീപിച്ചു. പിന്നീട് പോലീസുകാർ അർധരാത്രിയിൽ വീട്ടിൽ വരുമായിരുന്നത്രെ! കാര്യമന്വേഷിച്ച് രാഷ്ട്രീയ നേതാവിനെയോ സുഹൃത്തുക്കളെയോ കൂട്ടാതെ അവിടുത്തെ സി.ഐ നിയമവിരുദ്ധമായി ഒന്നും ചെയ്യില്ലെന്ന് വിശ്വസിച്ച് സ്റ്റേഷനിൽ ചെന്നപ്പോൾ അറസ്റ്റ് ചെയ്യുകയും കുറ്റകൃത്യത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ സാഹസികമായി കീഴടക്കി അറസ്റ്റ് ചെയ്തതാണെന്നു പ്രസ്താവിക്കുകയും 151 സി.ആർ.പി.സി. എഫ് ഐ ആർ ഇടുകയും ചെയ്തുവത്രെ! ആ സമയം ഒരു പോലീസ് ഉദ്യോഗസ്ഥൻ 'എസ് പി ക്ക് റിപ്പോർട്ട് ചെയ്യാൻ ഇന്നത്തേക്ക് ഒരു കേസെങ്കിലും ആയി' എന്ന് പറയുകയുണ്ടായത്രെ. സ്റ്റേഷനിലും പരിസരത്തും സ്ഥാപിച്ച സി സി ടി വി ക്യാമറകൾ അയാളു ടെ വരവിനെ പകർത്തിയിട്ടുണ്ടാകാമെങ്കിലും അതൊന്നും പരിഗണിക്കാതെ കള്ളക്കേസ് അദ്ദേഹത്തിന്റെ മേൽ ചാർത്തുകയായിരുന്നു. വിവരാവകാശ നിയമപ്രകാരം സി സി ക്യാമറയിൽ പതിഞ്ഞ ദൃശ്യങ്ങളടങ്ങിയ രേഖകൾ ശേഖരിക്കാൻ ശ്രമിക്കുന്നതിനിടയിലാണ് പാലക്കാട് മീനാക്ഷിപുരം സ്റ്റേഷൻ പരിധിയിൽ നടന്ന ഒരു റോബറി കേസ് അന്വേഷണത്തിനായി അവിടുത്തെ പോലീസ് അദ്ദേഹം ഉണ്ടായിരുന്ന സ്റ്റേഷനിൽ എത്തിയത്. തന്നെ വിളിപ്പിച്ച് ചോദിക്കുന്നതിന് പകരം ആ കേസിൽ അദ്ദേഹത്തെ പ്രതിചേർക്കുകയാണുണ്ടായതെന്ന് അദ്ദേഹം പരിതപിക്കുന്നുണ്ട്. പിന്നീട് അദ്ദേഹം അതിനെ നിയമപരമായി നേരിട്ടു. മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ട് ഓരോ സ്റ്റേഷനിലും ഇങ്ങനെയൊരു ടാർഗറ്റ് നൽകിയിട്ടുണ്ടത്രെ! അത് പൂർത്തിയാക്കിക്കൊടുക്കാൻ വേണ്ടി പല നിരപരാധികളുടെയും മേൽ കേസ് രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. കേരളത്തിലെ ഇതര ജില്ലകൾക്കില്ലാത്ത എന്ത് പ്രത്യേകതയാണ് മലപ്പുറത്തിനുള്ളതെന്ന് നിയമപാലകരിലെ സമുന്നതർ വ്യക്തമാക്കണം.

> തൃശൂരിലെ ആർ എസ് എസ് പഠന ക്യാമ്പിൽ ചെന്ന് ദത്താത്രേയ ഹൊസബലയെ കാണുകയും അവരുമായി ചർച്ച നടത്തുകയും ചെയ്ത എഡിജിപി എംആർ അജിത്കുമാറിന്റ ഔദ്യോഗിക ഇടപെടലുകൾ അന്നത്തെ ചർച്ചാ തീരുമാനങ്ങൾ നടപ്പിലാക്കുകയാണെന്ന് ന്യായമായും സംശയിക്കാവുന്നതാണ്. മറ്റൊരു നേതാവായ റാം മാധവുമായും എഡിജിപി കൂടിക്കാഴ്ച നടത്തിയതായി മാധ്യമങ്ങൾ അവകാശപ്പെടുന്നുണ്ട്. അതിന്റെ അനുരണനങ്ങളാണ് മലപ്പുറം ജില്ലയിലും മുസ്‌ലിം സമുദായത്തിനിടയിലും കേസുകൾ വർധിച്ചു കൊണ്ടിരിക്കുന്നത് എന്നും മാധ്യമങ്ങൾ ചർച്ച ചെയ്യുന്നുണ്ട്.

കേരളത്തിന്റെ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയുടെയും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന പാർട്ടിയുടെയും അജണ്ടകളാണിതെന്ന് പറയേണ്ടി വരുന്നത് മലയാളികളെ പരിഹസിക്കുന്നതിന് തുല്യമാണ്. ആർ എസ് എസിന് ഏറ്റവും കൂടുതൽ ശാഖകളുള്ള കേരളത്തിൽ അവരുടെ അജണ്ടകൾ നടപ്പിലാക്കാൻ അധികാരികൾ അത്രമാത്രം അടിമപ്പെട്ടിരിക്കുന്നുവെന്ന് പറയുന്നതിലും അതിശയോക്തിയുണ്ട്. തൊഴിലാളിവർഗവീര്യത്തിന് കാവി രാഷ്ട്രീയത്തിന് മുന്നിൽ എവിടെയോ ഒരു പതർച്ച സംഭവിച്ചതുപോലെ. മുഷ്ടി ചുരുട്ടി ഇങ്കുലാബ് വിളിക്കുമ്പോൾ പഴയ പ്രതാപവും ആവേശവും ചോർന്നതുപോലെ. ഫാസിസത്തിന് സൈദ്ധാന്തിക പ്രതിരോധം തീർക്കുന്ന വിഷയത്തിൽ എവിടെയോ ശക്തി ക്ഷയിച്ചത് പോലെ. ചിലപ്പോൾ തോന്നലാവാം. അല്ലെങ്കിൽ ഈ കാലത്തും അറിയാതെ സ്യൂഡോ സെക്യുലറിസത്തിന്റെ മുഖമൂടി അടർന്ന് വീണ് ശരിയായ മുഖം വികൃതമായി പ്രകടമായതാവാം. അതായിരിക്കും സിപി എമ്മിന്റെ ജയരാജൻമാരുടെയടക്കമുള്ളവരുടെ വാക്കും പ്രവൃത്തിയുമെല്ലാം കേരളം കൗതുകത്തോടെ നോക്കിയിരിക്കുന്നത്

ഉത്തർപ്രദേശിലെ കാസ്ഗഞ്ചിൽ തിരക്കേറിയ റോഡിൽ 23 വയസ്സുള്ള മുകേഷ് കുമാർ എന്ന യുവാവ് അനങ്ങാതെ കിടന്ന് മരിച്ചതായി അഭിനയിക്കുന്ന ഒരു വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലായിരിക്കുകയാണ്. വീഡിയോ അവസാനിക്കുമ്പോൾ പെട്ടെന്ന് എഴുന്നേറ്റു നിന്ന് പൊട്ടിച്ചിരിക്കുന്നതാണ് ആളുകൾ കാണുന്നത്. വഞ്ചിതരായ കാഴ്ചക്കാർ പോലീസിൽ പരാതി നൽകി. അയാൾ അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. മൃതദേഹം മൂടുന്ന വെളുത്ത ബെഡ് ഷീറ്റ്, മൂക്കിൽ പഞ്ഞി, കഴുത്തിൽ ഒരു പൂമാല എന്നിവ അണിഞ്ഞാണ് അയാൾ നടുറോട്ടിൽ അനങ്ങാതെ കിടന്നത്.

ചോദ്യം ചെയ്യലിൽ ഇന്റർനെറ്റ് സെലിബ്രിറ്റിക്കും പ്രശസ്തിക്കും വേണ്ടിയാണിത് ചെയ്തത് എന്ന് അയാൾ പോലീസിനോട് പറഞ്ഞു. പുതിയ തലമുറയെ ബാധിച്ചിരിക്കുന്ന പ്രധാന കാര്യം 'റീൽസ് മാനിയ'യാണ്. നഗ്നതാപ്രദർശനം മുതൽ അപകടകരമായ പർവതമുനമ്പുകളിൽ നിന്നുവരെ ഫോട്ടോ എടുത്ത് സമൂഹമാധ്യമങ്ങളിലൂടെ




പ്രദർശിപ്പിക്കാനുള്ള ത്വരയാണ് യുവാക്കളിൽ കണ്ടുവരുന്നത്.

ഐഎസ് എന്ന ഭീകരസംഘടനയിലേക്ക് കേരളത്തിൽനിന്ന് റിക്രൂട്ട്മെന്റ് നടക്കുന്നുവെന്ന സിപിഎം നേതാവ് പി.ജയരാജന്റെ വെളിപ്പെടുത്തൽ ഇത്തരം ഒരു പ്രശസ്തിക്കു വേണ്ടിയാണെന്ന് തോന്നിപ്പോകുന്നുവെങ്കിലും ഗുരുതരമായ സാമൂഹിക പ്രത്യാഘാതങ്ങളാണ് അതിന്റെ അനന്തരഫലം എന്നതുകൊ ണ്ട് കൗമാര റീൽസ്മാനിയയെ പോലെ എഴുതിത്തള്ളേണ്ട കാര്യമല്ലെന്നുറപ്പാണ്.

പുറത്തിറങ്ങാനിരിക്കുന്ന തന്റെ ആത്മകഥാപുസ്തകത്തിന് പോപ്പുലാരിറ്റി പ്രതീക്ഷിച്ചുകൊണ്ടായിരിക്കണം അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചതെന്നും നിരീക്ഷിക്കാൻ വകയില്ല. സഖാവിന്റെ പ്രസ്താവന ചർച്ചയായതോടുകൂടി ചുവന്ന രാഷ്ട്രീയത്തിന്റെ അധികാര മൺകുടത്തിലേക്ക് ആർത്തിയോടെ നോക്കുന്ന ചില ശുഭ്രവസ്ത്രധാരികളായ തലപ്പാവുകാരും സടകുടഞ്ഞെഴുന്നേറ്റ് സമൂഹമാധ്യമങ്ങളിൽ വന്ന് സഖാവിന് പിന്തുണ പ്രഖ്യാപിച്ചതും നാം കണ്ടു. കേരളത്തിൽ തങ്ങളുടെ ചൂഷണോപാധികൾ സാധാരണക്കാർക്കിടയിൽ പണ്ടത്തെപോലെ ഫലിക്കാത്തതിനാൽ അതിനു കാരണക്കാരായ സലഫികളുടെ മേൽ അരിശം തീർക്കാനാണ് അവർ അവസരം വിനിയോഗിച്ചത്. മതനിരാസത്തിന്റെ ആഗോള നവലിബറൽ ആശയങ്ങളിലെ എൽജിബിടിക്യൂഐ പ്ലസ് എന്ന ജെൻഡർ പൊളിറ്റിക്സിൽനിന്നുള്ള ചില അക്ഷരങ്ങൾ ചേർത്തുപിടിച്ച് പത്രങ്ങളിലെ ക്രിമിനൽ കോളങ്ങളിൽ ഇടം പിടിച്ചവർക്കാണ് സലഫികളോട് അടങ്ങാത്ത അരിശമുള്ളതെന്ന് സമൂഹമാധ്യമ രചനകളിൽനിന്ന് സ്പഷ്ടമാണ്.

സമാധാന സന്ദേശമായ ഇസ്ലാമിന് രാഷ്ട്രീയമാനം നൽകി, മതനിരപേക്ഷ ഭരണത്തിന് താഗൂത്തിന്റെ ചേരുവ നൽകി അസ്പൃശ്യത കൽപിച്ചവരിൽ പോലും തീവ്രത പോരെന്ന് വിലപിക്കുന്ന ചില അടിവേരുകളും സലഫികളിലേക്ക് ചേർത്തുവയ്ക്കാൻ വല്ലാതെ പ്രയാസപ്പെടുന്നതും സമൂഹമാധ്യമങ്ങളിലെ ഫലിതങ്ങളിൽ ചിലതാണ്. അൾജീരിയൻ വിമോചന പോരാട്ടങ്ങൾക്ക് സൈദ്ധാന്തിക ഭൂമികയൊരുക്കിയ മാർക്സിസ്റ്റ് ബുദ്ധിജീവി ഫ്രാന്റ്സ് ഫാനോൺ ഇത്തരം മനോരോഗികളെ അപഗ്രഥിച്ചത് ഒരു കണ്ണാടിയുടെ ഉപമയിലൂടെയാണ്.

കൊളോണിയലിസം കറുത്ത വർഗക്കാർക്കിടയിൽ സൗജന്യമായി കണ്ണാടി വിതരണം ചെയ്തുവത്രെ! പ്രസ്തുത കണ്ണാടിയിൽ പ്രതിഫലിക്കുന്നത് കറുത്തവന്റെ യഥാർഥ മുഖമല്ല, മറിച്ച് വെളുത്തവർ അവനുമേൽ ആരോപിച്ചിട്ടുള്ള ഭീകര മുഖമാണ്. കണ്ണാടിയെ വിശ്വസിച്ച് കറുത്ത വർഗക്കാർ സ്വയം ആ കൃത്രിമ മുഖം ഏറ്റെടുക്കുന്നു. ആ മുഖം മറയ്ക്കാൻ വെളുത്തവന്റെ സംസ്കാരം ഏറ്റെടുക്കാൻ അവന്റെ അപകർഷത

അവനെ നിർബന്ധിക്കുന്നു. അങ്ങനെയവൻ വെളുത്ത മുഖംമൂടികൾ വാങ്ങിയണിഞ്ഞ് തന്റ സ്വത്വത്തെ മൂടിവയ്ക്കുന്നു.

ഇസ്‌ലാമികാദർശത്തിന്റെ ബാലപാഠം പോലുമറിയാതെ, ഓണം പോലെയുള്ള സവർണാഘോഷങ്ങൾക്ക് ബഹുസ്വരതയുടെ മുഖംമൂടി നൽകി അടിച്ചേൽപിക്കാനുള്ള ശ്രമങ്ങളിൽ അപകർഷത കീഴടക്കിയ മനോനിലയിൽ അതിനെ വാരിപ്പുണരാനുള്ള വ്യഗ്രത കാണിച്ച അടിവേരുകൾക്ക് ഫാനോണിന്റെ ഉപമ യോജിക്കുമെന്നതാണ് വാസ്തവം. സാമ്രാജ്യത്വം സ്ഥാപിച്ച കണ്ണാടികളെ എറിഞ്ഞുടക്കാതെ അപകർഷതയുടെ തലച്ചുമട് ഇറക്കിവയ്ക്കാൻ ഇത്തരം അടിവേരുകൾക്ക് സാധിക്കുകയില്ലെങ്കിലും മനസ്സിലാക്കാനുള്ള വിവേകമെങ്കിലും ഉണ്ടാകണം. അല്ലാതെ സലഫീവിരുദ്ധ മേൽവിലാസത്തിൽ സാമ്രാജ്യത്വം നടത്തുന്ന നബിചര്യാവിരുദ്ധ യുദ്ധത്തിൽ പങ്കാളിയാകാനുള്ള വിവരക്കേടല്ല വേണ്ടത്. മുതലാളിത്തവും സാമ്രാജ്യത്വവും 'നബിചര്യ പിന്തുടരുന്നവരാണ് ഭീകരവാദികൾ' എന്ന പ്രസ്താവനയിൽ നിന്നാരംഭിച്ച് നബിചര്യയാണ് ഭീകരതയുടെ ദർശനമെന്ന് പറയുന്നേടത്ത് എത്തിനിൽക്കുന്നു. കേരളത്തിലെ ഐഎസ് ചർച്ചകളിൽ സലഫികളെ പഴിചാരാൻ ചില മുസ്‌ലിം നാമധാരികളായ, വെളുപ്പ്- ചാര നിറമുള്ള തൊപ്പി വച്ച വിവരദോഷികളെയും കമ്യൂണിസ്റ്റ് ദാർശനികരെയും സംഘരാഷ്ട്രീയത്തെയും പ്രേരിപ്പിക്കുന്ന ഘടകവും സാമ്രാജ്യത്വം സ്ഥാപിച്ച കണ്ണാടികളാണ്.

### ഐഎസ്: സമുദായം പ്രതിചേർക്കപ്പെടുമ്പോൾ

സമാധാനത്തിന്റെ ശാദ്വലതീരമായ കേരളക്കരയിലെ മലയാളിപ്രബുദ്ധതയോട് സമരസപ്പെട്ടു പോകാത്ത ഒന്നാണ് ഭീകരത. ഇന്ത്യയുടെ ബഹുസ്വരതയെ ശരിയായ രൂപത്തിൽ കേരളത്തെ പോലെ പ്രകാശിപ്പിക്കുന്ന മറ്റൊരു സംസ്ഥാനവുമില്ലന്നതാണ് സത്യം. അതുകൊണ്ടാണ് ഇത്രയും കാലം വെറുപ്പിന്റെ ശക്തികൾക്ക് ഇവിടെ വേരോടാൻ കഴിയാതെപോയത്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞടുപ്പിൽ താമര വിരിഞ്ഞതുതന്നെ കൊടുംചതിയിലൂടെയാണെന്നത് ഇന്ന് കേരളം ചർച്ച ചെയ്യുകൊണ്ടിരിക്കുന്നുമുണ്ട്. വെറുപ്പിന്റെ വിത്ത് മുളക്കാത്തതിന്റെ അരിശമാണ് കാവിരാഷ്ട്രീയം ഭീകരത മലയാളികൾക്കു മേൽ ആരോപിക്കുന്നതെന്ന് ആർക്കാണ് അറിഞ്ഞ് കൂടാത്തത്? 'കേരള സ്റ്റോറി'യെന്ന സിനിമയും ഇഡിയുടെ തേരോട്ടവും മലപ്പുറത്തെ ക്രിമിനൽ ജില്ലയാക്കാനുള്ള ഐപിഎസ് ഉദ്യോഗസ്ഥരുടെ നെറികെട്ട കളിയുമെല്ലാം അത് നമ്മെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

മലയാളത്തിന്റെ സൗഹൃദ ഭാവത്തെ തകർക്കാൻ എല്ലാ അടവുകളും പയറ്റിയിട്ടും വിജയിക്കാത്തതി ലുള്ള നിരാശയാണ് കാക്കിയിട്ട നിയമപാലകരിലൂടെ കുരുക്കുകളെറിയാൻ പ്രേരിപ്പിച്ചത്. അതിന് മതനിരപേക്ഷ ഭരണകൂടം കൂട്ടുനിൽക്കുന്നുവെന്ന വേദന എല്ലാവരുടെയും മനസ്സുകളിൽ നീറിപ്പുകയുന്നുണ്ട്. അതിനിടയിലാണ് പി.ജയരാജൻ സഖാവിന്റെ 'ഐഎസ് റിക്രൂട്ട്മെന്റ്' പ്രസ്താവന കടന്നുവന്നത്. മൂന്നാം നരേന്ദ്രമോദി മന്ത്രിസഭ അധികാരം ഏറ്റടുത്തതിന് മുമ്പും ശേഷവും ഇന്ത്യയിൽ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെട്ടത് മുസ്‌ലിം സമുദായമാണ് എന്നറിയാത്തവർ ആരുമില്ല. എന്നിട്ടും സാമ്രാജ്യത്വം ഭീകര പ്രസ്ഥാനമായി വളർത്തിയെടുത്ത ഐഎസിനെ സാമ്രാജ്യത്വവിരുദ്ധനായ സഖാവ് തന്നെ എഴുന്നള്ളിക്കുന്നതിന്റെ പൊരുളെന്താണ്? ആൾക്കൂട്ട ആക്രമണങ്ങളും ബുൾഡോസർ രാജും ജനാധിപത്യ വിരുദ്ധ സമീപനങ്ങളും ന്യൂനപക്ഷധ്വംസനങ്ങളും നടത്തുന്ന, ഡിറ്റൻഷൻ സെന്ററുകളുടെ അധികാരികളുമായ സംഘപരിവാര രാഷ്ട്രീയത്തിനെതിരെ ശബ്ദിക്കാനും സൈദ്ധാന്തികമായി നേരിടാനും ഇവർ മടിക്കുകയും ചെയ്യുമ്പോഴാണ് ചുവപ്പിന് നരബാധിച്ചുവെന്ന് വിലയിരുത്തുന്നതിനെ ശരിവയ്ക്കേണ്ടി വരുന്നത്. ചുവപ്പൻ വിപ്ലവനായകർ അധികാരസോപാനങ്ങളിലിരുന്നു വാഴുമ്പോഴും യൂറോപ്പിനെ അനുകരി ച്ചുകൊണ്ടുള്ള ഇസ്‌ലാം വെറുപ്പ് കൊച്ചുകേരളത്തിലും നടക്കുന്നുണ്ടെന്ന് ജയരാജ സഖാവ് അറിയാതെ പോയതായിരിക്കാൻ ഇടമില്ല. സമീപകാലത്ത് യൂറോപ്പിൽ നടന്ന ഒരു സംഭവം ഇങ്ങനെയാണ്:

മലയാളത്തിന്റെ സൗഹൃദ ഭാവത്തെ തകർക്കാൻ എല്ലാ അടവുകളും പയറ്റിയിട്ടും വിജയിക്കാത്തതിലുള്ള നിരാശയാണ് കാക്കിയിട്ട നിയമപാലകരിലൂടെ കുരുക്കുകളെറിയാൻ പ്രേരിപ്പിച്ചത്. അതിന് മതനിരപേക്ഷ ഭരണകൂടം കൂട്ടുനിൽക്കുന്നുവെന്ന വേദന എല്ലാവരുടെയും മനസ്സുകളിൽ നീറിപ്പുകയുന്നുണ്ട്. അതിനിടയിലാണ് പി.ജയരാജൻ സഖാവിന്റെ 'ഐഎസ് റിക്രൂട്ട്മെന്റ്' പ്രസ്താവന കടന്നുവന്നത്. മൂന്നാം നരേന്ദ്രമോദി മന്ത്രിസഭ അധികാരം ഏറ്റടുത്തതിന് മുമ്പും ശേഷവും ഇന്ത്യയിൽ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെട്ടത് മുസ്‌ലിം സമുദായമാണ് എന്നറിയാത്തവർ ആരുമില്ല. എന്നിട്ടും സാമ്രാജ്യത്വം ഭീകര പ്രസ്ഥാനമായി വളർത്തിയെടുത്ത ഐഎസിനെ സാമ്രാജ്യത്വവിരുദ്ധനായ സഖാവ് തന്നെ എഴുന്നള്ളിക്കുന്നതിന്റെ പൊരുളെന്താണ്?

2024 ജൂലൈ 26ന് ബ്രിട്ടനിലെ സൗത്ത് പോർട്ടിൽ യൂറോപ്യൻ വംശജരായ മൂന്ന് പെൺകുട്ടികൾ കൊലചെയ്യപ്പെട്ടു. ബിബി കിങ്, എൽസി സ്റ്റാൻകോം, ആലിസ് അഗ്വെയർ എന്നിവരാണ് കൊല്ലപ്പെട്ടത്. യോഗാ സ്റ്റുഡിയോയിൽ പരിശീലനം നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് ഇവർക്കുനേരെ ആക്രമണം നടന്നത്. എട്ട് കുട്ടികൾക്ക് പരിക്കേൽക്കുകയും ചെയ്തു. അലി അൽശകാത്തി എന്ന അഭയാർഥിയാണ് കൊലപാതകത്തിന് പിന്നിലെന്നാണ് ആദ്യം വാർത്ത പരന്നത്. ഇതിനെ തുടർന്ന് ടൗണിൽ വലിയ പ്രതിഷേധം അരങ്ങേറി. മുസ്‌ലിം കുടിയേറ്റക്കാരെ ലക്ഷ്യമിട്ടായിരുന്നു മിക്കവാറും ആക്രമണങ്ങൾ നടന്നത്. സൗത്ത് പോർട്ടിലെ മസ്ജിദും താമസസ്ഥലങ്ങളും ആക്രമിക്കപ്പെട്ടു. കൂടാതെ പോലീസ് കാറുകൾ കത്തിച്ചു. പോലീസ് നായ്ക്കളെയും ആക്രമിച്ചു. പതിനെട്ട് തികയാത്തതുകൊണ്ട് അക്രമിയുടെ പേരു വിവരങ്ങൾ പോലീസ് പുറത്ത് വിട്ടിരുന്നില്ല. അക്രമങ്ങൾ ശക്തമായതോടെ പ്രതിയുടെ പേരു വിവരങ്ങൾ വെളിപ്പെടുത്താൻ കോടതി പോലീസിന് നിർദേശം നൽകി. ആഫ്രിക്കൻ വംശജനായ, ഇംഗ്ലണ്ടിൽ ജനിച്ച് വളർന്ന, ലങ്കാഷെയറിൽ




ജീവിക്കുന്ന ക്രൈസ്തവനായ ആക്സിൽ രുദാകുബാന എന്ന കൗമാരക്കാരനായിരുന്നു കൊലപാതകി. ഓട്ടിസം ബാധിച്ചവനായിരുന്നു. പേരുവിവരം പുറത്ത് വന്നിട്ടും അക്രമം പിന്നെയും തുടർന്നുവത്രെ!

വർഷങ്ങൾക്കു മുമ്പ് കേരളത്തിലെ കളമശ്ശേരിയിൽ നടന്ന സ്ഫോടനം ആരും മറന്നുകാണില്ല. ഒരു സമുദായത്തെ മുൾമുനയിൽ നിറുത്തിയ വാർത്താ അവതാരങ്ങളെയും ആരും മറന്നുകാണില്ല. കൊല്ലത്ത് തട്ടിക്കൊണ്ട് പോകപ്പെട്ട ഏഴ് വയസ്സുകാരിയുടെ പേരിൽ പോലിസ് തയ്യാറാക്കിയ കാരിക്കേച്ചറിൽ ഒരു മുസ്‌ലിം സഹോദരന്റെ രൂപസാദൃശ്യമുണ്ടെന്ന് ആരോപിച്ച് ആ പാവപ്പെട്ടവന്റെ വീട് തകർത്തതും ആരും വിസ്മരിക്കാനിടയില്ല. മലപ്പുറം ജില്ലയിലെ കൊടിഞ്ഞിയിൽ ആർഎസ്എസ്സുകാരാൽ കൊല്ലപ്പെട്ട ഫൈസലിന്റെ കൊലയാളികൾക്കെതിരിൽ പ്രോസിക്യൂട്ടറെ വയ്ക്കാനുള്ള മര്യാദപോലും കാണിക്കാത്തത് സോഷ്യലിസ്റ്റ് സർക്കാറാണെന്നത് മറന്നുപോകരുത്. എണ്ണിയാലൊടുങ്ങാത്ത നൊമ്പരങ്ങൾ ഈ സമുദായത്തിന് പങ്കുവയ്ക്കാനുണ്ടായിട്ടും ഐഎസ് ഭീകരത സമുദായത്തിന്മേൽ കെട്ടിവയ്ക്കുന്നത് ആരെ പ്രീണിപ്പിക്കാനാണ് എന്ന് ചോദിക്കേണ്ടിവരുന്നു.

### ഐഎസ് പ്രസ്താവനയിലെ മുതലെടുപ്പ് രാഷ്ട്രീയം

ലെബനാനിലെ പേജർ സ്ഫോടനത്തിൽ നോർവീജിയൻ പൗരനായ മലയാളി റിൻസൻ ജോസിന്റെ ബൾഗേറിയൻ കമ്പനിയിലേക്കാണ് അന്വേഷണം എത്തിനിൽക്കുന്നത്. പേജർ സ്ഫോടനം നടന്ന ദിവസം മുതൽ റിൻസൻ ജോസിനെ കാണാനില്ല എന്ന് കമ്പനി അവകാശപ്പെടുന്നുണ്ട്. ധാരാളം ആളുകൾ കൊല്ലപ്പെട്ട പേജർ സ്ഫോടനത്തിന്റെ ഉത്തരവാദിത്തം റിൻസൻ എന്ന മലയാളിയിൽ വന്നെത്തിയിട്ടും ഇതേക്കുറിച്ച് മാധ്യമങ്ങളുടെ റിപ്പോർട്ടുകൾ വായനക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ? ലെബനാനിൽ എത്തിയതും പേജർ നിർമിച്ച് നൽകിയതും ഒരു മുസ്‌ലിം നാമധാരിയായ മലയാളി യുവാവായിരുന്നുവെങ്കിൽ നമ്മുടെ നാട്ടിലെ ചർച്ച എന്താകുമായിരിക്കും എന്നത് പ്രസക്തമായ ചോദ്യമാണ്.

ലോകത്ത് ഭീകരതയുടെ പരിവേഷം പരികൽപിച്ച് നൽകിയ സംഘങ്ങളുടെ പ്രവർത്തനങ്ങളും അതിൽ ഇയാൾ വഹിക്കുന്ന പങ്കുമെല്ലാം വിശദീകരിച്ചുകൊണ്ട് നമ്മുടെ മാധ്യമങ്ങൾ തകർക്കുമായിരുന്നു. മദ്റസാ വിദ്യാഭ്യാസം മുതൽ കുടുംബവും വളർന്ന പശ്ചാത്തലവുമെല്ലാം ചർച്ചകളിൽ വലിയ സ്ഥാനം പിടിക്കുമായിരുന്നു. എന്നാൽ ‘റിൻസൻ ജോസ്’ എന്ന പേരായതുകൊണ്ട് അന്തിച്ചർച്ചകളിലോ വർണാഭമായ പേജുകളിലോ ഈ വാർത്ത ഇടം പിടിക്കാതെ പോയതിലെ യുക്തി എന്തായിരിക്കും എന്നന്വേഷിച്ചിരുന്നെങ്കിൽ ഐഎസ് റിക്രൂട്ട്മെന്റിന്റെ ജയരാജ പ്രസ്താവനയുടെ മൂല്യം നമുക്ക് മനസ്സിലാകുമായിരു

ന്നു. പോപ്പുലാരിറ്റിയും രാഷ്ട്രീയ നിലനിൽപ്പും സാധ്യമാകണമെങ്കിൽ അൽപമൊന്ന് ഹിന്ദുത്വ പ്രീണനമാകാമെന്ന വിലയിരുത്തലായിരിക്കും ഇങ്ങനെയൊരു പക്ഷം ചേരാൻ വിപ്ലവ നായകരെ പ്രേരിപ്പിച്ചത്.

പി.ജയരാജന്റെ 'ഐഎസ് റിക്രൂട്ട്മെന്റ്', 'രാഷ്ട്രീയ ഇസ്‌ലാം' എന്നീ പ്രസ്താവനകളിൽ ഊർജം ലഭിച്ചവരുടെ രാഷ്ട്രീയവും വിദ്വേഷവും വെറുപ്പും പകയുമൊക്കെയാണെന്ന് ചില രചനകളും ചൂണ്ടിക്കാണിക്കുന്നുണ്ട്. ആഗോള ഭീകരവാദത്തിന് ഇസ്‌ലാമിക പരിവേഷം നൽകാനാണ് അത്തരം രചനകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മണിപ്പൂരിൽ കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്ന ക്രൈസ്തവരോ ആക്രമണത്തിന് നേതൃത്വം നൽകുന്ന സംഘപരിവാരങ്ങളോ ആരാണ് ഏറ്റവും പ്രിയപ്പെട്ടവർ എന്ന ചോദ്യത്തിന് ചില 'ക്രിസംഘി' പ്രസിദ്ധീകരണങ്ങൾ 'മനോഹരമായി' മറുപടി പറഞ്ഞുകൊണ്ടിരിക്കുന്നു. രാജ്യത്ത് തകർക്കപ്പെട്ടുകൊണ്ടിരിക്കുന്ന ക്രൈസ്തവദേവാലയങ്ങളോ കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്ന മിഷണറി പ്രവർത്തകരോ ഇവർക്ക് പ്രിയപ്പെട്ടതല്ലെന്ന് അവരുടെ അക്ഷരക്കൂട്ടങ്ങൾ മാനവരോട് വിളിച്ച് പറഞ്ഞു കൊണ്ടിരിക്കുന്നു. ഗ്രഹാം സ്റ്റെയിൻസിനെയും കുഞ്ഞുങ്ങളെയും പച്ചക്ക് കത്തിച്ചുകൊന്ന അക്രമ രാഷ്ട്രീയമാണ് ഇവർക്ക് ആവേശം. ആഗോള ഭീകരവാദത്തിന്റെ കണക്കുകളെക്കുറിച്ച് നിഷ്പക്ഷ വായനക്ക് തയ്യാറായാൽ പ്രതിക്കൂട്ടിൽ നിറുത്തപ്പെടുന്നതാരായിരിക്കുമെന്ന് കുരിശ് പടയോട്ടം പറഞ്ഞുതരും.

### ഐഎസിന്റെ മതവിരുദ്ധ രാഷ്ട്രീയം

1999ൽ ജോർദാൻകാരനായ അബൂമൂസാ അൽസർഖാവിയാണ് ഇറാഖ് കേന്ദ്രീകരിച്ച് 'ഇസ്‌ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് ആന്റ് സിറിയ' അഥവാ ഐഎസിന് രൂപം നൽകിയത്. മനുഷ്യത്വത്തിൽ വിശ്വസിക്കുന്ന ഓരോ മനസ്സിലും ഭീതിവിതച്ചുകൊണ്ടാണ് ലോകത്ത് അത് തേരോട്ടം നടത്തിയത്. 2003ൽ ഇറാഖിൽ സദ്ദാം ഹുസൈനെതിരെ നടത്തിയ അമേരിക്കൻ ആക്രമണമാണ് സംഘടനയെ കൂടുതൽ അക്രമങ്ങളി ലേക്ക് നയിച്ചത്. സദ്ദാം ഹുസൈനെ കീഴടക്കി ഇറാഖിന്റെ നിയന്ത്രണം അമേരിക്ക ഏറ്റെടുത്തതോടെ അൽഖായിദ ശക്തമാകാൻ തുടങ്ങി. പിന്നീട് 2004ൽ സർഖാവി അൽഖായിദയുടെ ഭാഗമായി. സദ്ദാമിനെ നിഷ്കാസിതനാക്കിയതും തുടർന്ന് അധികാരത്തിലെത്തിയ അടിച്ചമർത്തൽ ഭരണത്തിൽ പ്രതിഷേധിച്ചും സർഖാവിയുടെ നേതൃത്വം ഇറാഖിൽ തീവ്രവാദ ആക്രമണങ്ങൾ അഴിച്ചുവിടാൻ തുടങ്ങി. അമേരിക്കയുടെ പ്രത്യാക്രമണത്തിൽ 2006ൽ സർഖാവി കൊല്ലപ്പെടുകയും ചെയ്തു.

ഇതിനുശേഷം ഇറാഖ് പ്രധാനമന്ത്രി നൂരി അൽമാലികിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ ദുർഭരണം ചെറുക്കാനെന്ന പേരിൽ അൽഖായിദയും വിവിധ തീവ്രവാദഗ്രൂപ്പുകളും ചേർന്ന് 2006 ഒക്ടോബറിൽ ഇറാഖിലെ ആറ് പ്രദേശങ്ങളെ ഉൾപ്പെടുത്തി ഇസ്‌ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് രൂപീകരിച്ചതായി പ്രഖ്യാപിച്ചു. അക്കാലങ്ങളിൽ ഇറാഖിലെ ബഗ്ദാദിനടുത്ത് ബുക്ക ജയിലിൽ അമേരിക്കൻ തടവുകാരനായി കഴിഞ്ഞയാളായിരുന്നു അബൂബക്കർ അൽബഗ്ദാദി. 2009ൽ മോചിതനായ ശേഷം അമേരിക്കയുടെയും ഇസ്റായേലിന്റെയും സഹായത്തോടെ ബഗ്ദാദിയും സഹതടവുകാരും ഐഎസിന്റെ തലപ്പത്തെത്തിയതും അവർക്ക് തീവ്രവാദ പ്രവർത്തനങ്ങൾ നടത്താൻ അവസരമൊരുക്കിയതും അമേരിക്കയായിരുന്നുവെന്ന് ലണ്ടനിലെ ഗാർഡിയൻ ദിനപത്രം വെളിപ്പെടുത്തിയിട്ടുണ്ട്. ഇങ്ങ നെ സാമ്രാജ്യത്വം മുസ്‌ലിം ലോകത്തെയും രാഷ്ട്രങ്ങളെയും മാത്രം ലക്ഷ്യമാക്കി പടച്ചുവിട്ട ഈ ഭീകരവാദ സംഘത്തിനെതിരെ മുസ്‌ലിം ലോകം ഒന്നടങ്കം ശബ്ദിച്ചിട്ടുണ്ട്. വ്യക്തമായ ലക്ഷ്യത്തോടെ അൽഖായിദയെ സൃഷ്ടിക്കുകയും അവരെ പാലൂട്ടി വളർത്തുകയും ചെയ്ത അതേ പാശ്ചാത്യശക്തികൾ തന്നെയാണ് ഇറാഖിലെയും സിറിയയിലെയും തന്ത്രപ്രധാന മേഖലകളിൽ ആധിപത്യം സ്ഥാപിച്ച ഈ ഭീകര സംഘ ത്തിന് ഇസ്‌ലാമിന്റെ മുഖം വികൃതമാക്കാൻ സൗകര്യങ്ങളൊരുക്കിക്കൊടുത്തത്.

അമേരിക്കയുടെ നിയന്ത്രണത്തിലുള്ള ഏഴ് ചെക്ക്പോസ്റ്റുകൾ നിഷ്പ്രയാസം കടന്ന് ഐഎസിന് തിക്രിത്തിലെത്താൻ കഴിഞ്ഞുവെന്നത് അതിന് തെളിവാണ്. ഹാല്ലിബർട്ടൺ പോലുള്ള ആയുധക്കമ്പനികളുടെ സ്രഷ്ടാക്കളായ അമേരിക്കയാകട്ടെ രാഷ്ട്രീയ നേട്ടത്തോടൊപ്പം സാമ്പത്തികലാഭവും കൂടി ലക്ഷ്യമാക്കുന്നുണ്ട്. ഇസ്റായേൽ, അമേരിക്ക, ബ്രിട്ടൺ എന്നീ രാഷ്ട്രങ്ങളുടെ ചാരസംഘടനകളായ മൊസാദും എം സിക്സ്റ്റീനും സി.ഐഎയുമാണ് ഐഎസിന് പിന്നിൽ എന്ന് തുറന്നു പറഞ്ഞവരിൽ അമേരിക്കയിൽനിന്നും പ്രസിദ്ധീകരിക്കുന്ന 'ദി ഡിപ്ലോമാറ്റ്' മാഗസിനും ഉണ്ടെന്നത് വിസ്മരിച്ച് കൂടാത്തതാണ്.

നാൽപതിനായിരത്തിലേറെ ഫലസ്തീനികളെ കൊന്നുതള്ളിയ ഇസ്റായേലിനെതിരെയോ അവരെ ചേർത്ത് നിറുത്തിയ അമേരിക്കയ്ക്കെതിരെയോ ഐഎസ് ചെറുവിരലനക്കിയതായി പോലും കാണാനാവില്ല. കാരണം, ഇതിനു പിന്നിലെ തിരക്കഥ തയ്യാറാക്കിയത് സാമ്രാജ്യത്വമാണ്. മലയാളികളോട് ധൈര്യത്തോടെ ഈ സത്യം വിളിച്ചുപറഞ്ഞത് ഇടതുപക്ഷ ചാനലായ കൈരളിയാണ്. എന്നിട്ടും പി.

ജയരാജൻ സഖാവ് കേരളത്തിലെ മുസ്‌ലിംകളെ ഐഎസിസുമായി കൂട്ടിക്കെട്ടാൻ നോക്കുന്നത് ആരെ തൃപ്തിപ്പെടുത്താനാണ്?

ജയരാജൻ സഖാവ് പലപ്പോഴും സലഫിധാരയെ പഴിപറയുന്ന പ്രസ്താവനകൾ നടത്തിയിട്ടുണ്ട്. മനുഷ്യത്വരഹിതമായ ഐഎസിസിന്റെ ഭീകരതയോട് ശക്തമായ വൈജ്ഞാനിക പ്രതിരോധം തീർത്തതും സമൂഹത്തെ ബോധവത്കരിച്ചതും സലഫികളാണ്. ലോകരാജ്യങ്ങളിലെ മുഴുവൻ പ്രതിനിധികളും പങ്കെടുത്ത, മുസ്‌ലിംകളുടെ ഏറ്റവും വലിയ കൂടിച്ചേരലായ ഹജ്ജ് കർമത്തോടനുബന്ധിച്ച് നടന്ന അറഫാ പ്രസംഗത്തിൽ സലഫി പണ്ഡിത ലോകത്തിന് നേതൃത്വം നൽകുന്ന അവിടുത്തെ ഗ്രാന്റ് മുഫ്തി ആലുശൈഖ് നടത്തിയ ചരിത്ര പ്രസിദ്ധമായ പ്രസംഗത്തിന്റെ ഏറിയ ഭാഗവും 'ദാഇശ്' എന്ന് അറബിയിൽ നാമകരണം ചെയ്തിട്ടുള്ള ഐഎസിസിനും അൽഖായിദക്കുമെതിരെയായിരുന്നുവെന്നത് വിസ്മരിക്കരുത്. ആദർശപരമായും സായുധമായും അവർക്കെതിരെ പോരാടേണ്ടതിന്റെ ആവശ്യകതയെ ഉദ്ഘോഷിച്ച പ്രസംഗം ലോക മാധ്യങ്ങൾ റിപ്പോർട്ട് ചെയ്തത് ഓർക്കുന്നത് നന്നാകും.

കേരളത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ 'ഐഎസ് മതനിഷിദ്ധം, മാനവ വിരുദ്ധം' എന്ന പേരിൽ നടത്തിയ കാമ്പയിൻ മലയാളികൾ ഏറ്റെടുത്തതാണ്. വിസ്ഡം ബുക്സ് മലയാളത്തിൽ പുറത്തിറക്കിയ 'ഐഎസിന്റെ മതം' എന്ന പുസ്തകം ഐഎസിന്റെ തനിനിറം തുറന്നുകാട്ടുന്നതാണ്. സലഫി പണ്ഡിതനായ ശൈഖ് ഇബ്‌റാഹീം ഇബ്നു സ്വാലിഹ് അൽമുഹൈമീദ് എഴുതിയ 'അൽ ഖിസ്സ്വത്തുൽകാമില ലി ഖവാരിജി അസ്‌രിനാ' എന്ന ഗ്രന്ഥവും ഐഎസിസിനെതിരെ ശക്തമായ വൈജ്ഞാനിക പിന്തുണ നൽകുന്നതാണ്.

**മതേതരത്വം കാപട്യമുക്തമാകട്ടെ**

ഇന്ത്യയുടെ മതനിരപേക്ഷ സ്വഭാവത്തെ പ്രതിഫലിച്ച് നിറുത്താൻ എന്നും പ്രതിബദ്ധതയോടെ പ്രവർത്തിച്ചിരുന്നവരാണ് ഇടതുപക്ഷം. സമീപകാലത്ത് മരണപ്പെട്ടുപോയ സീതാറാം യെച്ചൂരിയെ പോലെയുള്ള നേതാക്കൾ അതിനുവേണ്ടി ശക്തമായി നിലകൊണ്ടവരാണ്. അതിൽനിന്ന് വിഭിന്നമായി അധികാരത്തിന്റെ അപ്പക്കഷ്ണങ്ങളിൽ കടിച്ച് തൂങ്ങി അരുതായ്മകൾക്ക് നേതൃത്വം നൽകുന്ന വിധമാണ് ചില നേതാക്കളുടെ സമീപനം. അത് ന്യൂനപക്ഷങ്ങളെ ഏറെ ആശങ്കപ്പെടുത്തുന്നുണ്ട്. ഒരു സുപ്രഭാതത്തിൽ നാവിന് പിഴപറ്റി വീണുപോയ പ്രസ്താവനയായി സങ്കൽപിക്കാൻ പോലും സാധിക്കാത്തവിധം ഹിന്ദുത്വ പ്രീണനം ഇവരുടെ അജണ്ടയായിരിക്കുന്നുവെന്ന് സംശയിക്കേണ്ടിയിരി ക്കുന്നു. അത്തരം പ്രസ്താവനകൾ മുഖ്യമന്ത്രിയിൽനിന്ന് പോലും പലപ്പോഴായി വന്നുപോയിട്ടുണ്ട്.

ജനാധിപത്യത്തിന്റെ നിലപാടുതറയിലും ഭരണഘടനാമൂല്യങ്ങളിലും ഊന്നിനിന്നുകൊണ്ട് വൈവിധ്യത്തെ ആരോഗ്യപരമായി കൂട്ടിയിണക്കുക എന്നതാണ് പൗരധർമം എന്ന് ഉദ്ഘോഷിക്കുന്നവരാണ് നാം. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ചരിത്രത്തിൽ ഏറിയകൂറും ഈവിധമാണ് ഇന്ത്യൻ ഭരണകൂടവും സമൂഹവും ഈ വിഷയത്തെ സമീപിച്ചിരുന്നത്. 2014ന് ശേഷം ഈ സവിശേഷതകൾക്ക് മാറ്റം വന്നതായി നാം അറിയുന്നു. മതനിരപേക്ഷതയോടുള്ള ബിജെപിയുടെ സമീപനത്തിൽ വന്ന മാറ്റമാണ് ഇതിന്റെ കേന്ദ്രബിന്ദു. ബിജെപിയുടെ രണ്ട് ഘട്ടങ്ങളെ ഈ സാഹചര്യത്തിൽ നമുക്ക് കാണാനാകും. അകമേ ഭൂരിപക്ഷ വികാരം താലോലിച്ചിരുന്നപ്പോഴും പുറമേക്ക് മതനിരപേക്ഷത പറഞ്ഞ് നടന്നതാണ് ആദ്യഘട്ടം. മറ്റു കക്ഷികൾ ന്യൂനപക്ഷപ്രീണനം നടത്തുന്നു എന്ന് ആരോപിക്കാനാണ് അവർ ശ്രമിച്ചത്. സെക്കുലറിസവും സ്യൂഡോ സെക്യുലറിസവും തമ്മിലുള്ള കലഹമായാണ് ഈ ഘട്ടത്തിൽ ഇന്ത്യൻ രാഷ്ട്രീയത്തെ അവർ വ്യാഖ്യാനിച്ചത്. തങ്ങൾ മതേതരവാദികളും മറ്റുള്ളവർ കപട മതേതരവാദികളും! വികസനത്തെ കുറിച്ച് അവർ വാചാലരാവുകയും ചെയ്തു.

വാജ്പേയിയുടെ 'ഇന്ത്യാ ഷൈനിംഗ്,' നരേന്ദ്രമോഡിയുടെ 'സബ്കാ സാത്ത് സബ് കാ വികാസ്' എന്നീ മുദ്രാവാക്യങ്ങൾ ചില ഉദാഹരണ ങ്ങളാണ്. എന്നാൽ രണ്ടാം ഘട്ടമെത്തിയപ്പോൾ മതനിരപേക്ഷതയുടെ മൂടുപടം അഴിച്ചുവയ്ക്കുകയും ഹിന്ദുത്വത്തെ പരസ്യമായി പുൽകുകയും ചെയ്തു. ഇതോടെ ഇന്ത്യൻ രാഷ്ട്രീയത്തിൽ മതനിരപേക്ഷതയെക്കാൾ ഹിന്ദുത്വത്തിനായി പ്രചാരണ മൂല്യം.

ഇന്നിപ്പോൾ ചില രാഷ്ട്രീയ പാർട്ടികളും അവയുടെ നേതാക്കളും പരസ്പരം മത്സരിക്കുന്നത് അവരവരുടെ ജനാധിപത്യ മതനിരപേക്ഷ ബോധ്യം ജനസമക്ഷം അവതരിപ്പിക്കുന്നതിനെക്കാൾ സ്വന്തം ഹൈന്ദവ പാരമ്പര്യം തെളിയിക്കുന്നതിനാണ്. തീവ്രഹിന്ദുത്വവും മൃദുഹിന്ദുത്വവും തോളോടുതോൾചേർന്ന് സമൂഹത്തെ ഭയവിഹ്വലരാക്കുന്നു. ഈ ഗണത്തിലേക്ക് കേരളത്തിന്റെ രാഷ്ട്രീയവും അധികാരവും നടന്നടുക്കുന്നതായാണ് സമീപകാല സാഹചര്യങ്ങൾ വ്യക്തമാക്കുന്നത്. ഭീകരതയും തീവ്രവാദവും ആരോപിച്ച് ഒരു സമുദായത്തെ ഒറ്റപ്പെടുത്താനുള്ള നീക്കം നടന്നുകൊണ്ടിരിക്കുന്നു. അധികാരികളുടെ വാക്കും പ്രവൃത്തിയുമാണ് അതിന് സാക്ഷി. ■

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300




**ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ
നവോത്ഥാന നായകൻ**

# ഇ.കെ.മൗലവിയും മുസ്‌ലിം ലീഗും

മുസ്‌ലിം ലീഗ് നിലനിൽക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തിക്കൊണ്ടും ലീഗിനെ വിമർശിക്കുന്നവർക്ക് മറുപടി നൽകിക്കൊണ്ടും 1954 ഏപ്രിൽ 10ന് ഇ.കെ.മൗലവി ചന്ദ്രികയിൽ എഴുതിയ ലേഖനം:

## മുസ്‌ലിം ലീഗ് നിലനിൽക്കണമോ?

“ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗ് നിലനിൽക്കണമോ വേണ്ടയോ എന്നത് ഇന്നത്തെ പ്രധാന പ്രശ്നമാണ്. ഒരു രാഷ്ട്രീയ സംഘടനയെന്ന നിലയിൽ മുസ്‌ലിം ലീഗ് ആവശ്യമില്ലെന്നാണ് മുസ്‌ലിംകളിൽ തന്നെ ഒരു പക്ഷത്തിന്റെ വാദം. സാമുദായികവും സാംസ്കാരികവുമായ വിഷയങ്ങളിൽ മാത്രം പ്രവർത്തിക്കുന്നതിനായി മുസ്‌ലിം ലീഗ് നിലനിർത്തിപ്പോരുകയാണെങ്കിൽ അതിനു നമുക്ക് വിരോധമില്ല. മുസ്‌ലിംകൾക്ക് ഇന്നത്തെ ഇതര രാഷ്ട്രീയസംഘടനകളിൽ ഏതെങ്കിലും ഒന്നിൽ ചേർന്ന് ഇതുപോലെ പ്രവർത്തിക്കാമെന്നാണ് ഇവർ പറയുന്നത്. ഒരു രാഷ്ട്രീയ സംഘടനയെന്ന നിലയ്ക്ക് മുസ്‌ലിം ലീഗിന് നിലനിൽക്കാൻ തന്നെ പാടില്ലെന്നാണ് ഇന്ത്യൻ യൂനിയനിലെ മുസ്‌ലിം സംഘടനകളുടെയും നേതാക്കളുടെയും ഉറച്ച വാദം. കാരണം, ഒരു മതത്തിൽ വിശ്വസിക്കുന്ന സമുദായം ഒരു രാഷ്ട്രീയ സംഘടനയെന്ന നിലയിൽ നിലകൊള്ളുന്നത് വർഗീയതയാണ്. വർഗീയത ദേശീയതയ്ക്ക് എതിരാണ്. മതേതരത്വത്തിന് എതിരാണ്. മതേതര രാഷ്ട്രത്തിൽ അത് അനുവദനീയമല്ല. മറ്റൊരു കാരണം; മുസ്‌ലിം ലീഗ് പാകിസ്താനു വേണ്ടി വാദിച്ചിരുന്ന ഒരു സംഘടനയാണ്. അതും കിട്ടിക്കഴിഞ്ഞ സ്ഥിതിക്ക് ഇനി അതിന് നിലനിൽക്കാൻ അർഹതയില്ല. ഇതൊക്കെയാണ് മുസ്‌ലിം ലീഗ് വിരോധികളുടെ വാദങ്ങൾ.

ഇനി നമുക്ക് ഇവയിൽ ഓരോന്നിനെപ്പറ്റിയും ചർച്ച ചെയ്യാം. ഇന്ത്യൻ യൂനിയനിലെ ന്യൂനപക്ഷങ്ങളുടെ മതവും സംസ്കാരവും ഭാഷയും സു



വിഭജന പദ്ധതി ഉന്നയിച്ചത് ലീഗും അത് നടപ്പിൽ വരുത്തിയത് മുസ്‌ലിംലീഗും കോൺഗ്രസും യോജിച്ചുകൊണ്ടുമാണ്. ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാം മുസ്‌ലിം ലീഗ് പാകിസ്താനു വേണ്ടി സ്ഥാപിതമായ ഒരു സംഘടനയല്ലെന്ന്. മുസ്‌ലിം ലീഗ് എന്തിന് ഉയിരെടുത്തുവോ ആ കാരണം അന്നത്തേതിലധികം ഇന്ന് നിലവിലുണ്ട്. വേണമെങ്കിൽ ഈ അഭിപ്രായം കോൺഗ്രസിനെപ്പറ്റിയും പറയാം. അതായത് ഇന്ത്യയുടെ സ്വാതന്ത്ര്യ സമ്പാദനത്തിനായി പോരാടിക്കൊണ്ടിരുന്ന ഒരു സംഘടനയാണ് കോൺഗ്രസ്. അത് കിട്ടിക്കഴിഞ്ഞ സ്ഥിതിക്ക് ഇനി കോൺഗ്രസിനെ വെച്ചു വളർത്തേണ്ടതില്ല. ഈ അഭിപ്രായം ഒരവസരത്തിൽ ഗാന്ധിജിതന്നെ സൂചിപ്പിച്ചിട്ടുണ്ട്.

രക്ഷിതമാണെന്നും ഇന്ത്യൻ യൂനിയനിൽ ഏതൊരു കക്ഷിക്കും സംഘടനാ സ്വാതന്ത്ര്യമുണ്ടെന്നും ഇന്നു നിലവിലുള്ള ഭരണഘടനയിൽ രേഖപ്പെട്ടുകിടക്കുന്നുണ്ട്. ഈ വസ്തുത ആരും നിഷേധിക്കുന്നുമില്ല. ഇന്ത്യൻ യൂനിയനിലെ മുസ്‌ലിംകളാകട്ടെ, പ്രബലമായ ഒരു മതന്യൂനപക്ഷമാണുതാനും. അവർക്കൊരു മതമുണ്ട്, സംസ്കാരമുണ്ട്, ഭാഷയുണ്ട്. അവയെ സംരക്ഷിക്കാൻ കടപ്പെട്ടവരാണവർ. അതൊക്കെ മറ്റുള്ളവർ താനേ അറിഞ്ഞും മനസ്സിലാക്കിയും സൗജന്യമായി സംരക്ഷിക്കേണ്ട സംഗതികളല്ല. അവയെപ്പറ്റി ചിന്തിക്കുകയും ആലോചിക്കുകയും അവ അപ്പപ്പോൾ ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുകയും പരിഹാരം തേടുകയും ചെയ്യാൻ കടപ്പെട്ടവർ മുസ്‌ലിംകൾ തന്നെയാണ്. ഈ വക സംഗതികൾ മുസ്‌ലിംകളിൽ ആരെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ അത് സമുദായത്തിന് ബാധകമല്ല എന്നല്ല, സമുദായത്തിന്റെ പേരിൽ വ്യക്തികൾ സ്വന്തം നിലയിൽ സംസാരിക്കുന്നതായാൽ അത് വിലപ്പോവുകയില്ല.

അതുകൊണ്ട് മുസ്‌ലിം സമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നവർ തന്നെ അവയെപ്പറ്റി സംസാരിക്കുകയും പ്രവർത്തിക്കുകയും വേണം. ഇത് സംഘടന കൂടാതെ സാധ്യമല്ല. അത് രാഷ്ട്രീയ സ്വഭാവത്തോടുകൂടിയ സംഘടനയായിരിക്കുകയും വേണം. അങ്ങനെയുള്ള ഒരു സംഘടനയ്ക്ക് മാത്രമേ തങ്ങളുടെ അവശതകളെയും അവകാശങ്ങളെയും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും പരിഹാരം കാണാനും സാധിക്കുകയുള്ളൂ. മാത്രമല്ല, അസംബ്ലികളിലും കൗൺസിലുകളിലും അവരുടെ പ്രതിനിധികൾ ഉണ്ടായിരിക്കുകയും വേണം. കാരണം, മുസ്‌ലിംകളുടെ മതത്തെയോ സംസ്കാരത്തെയോ ഭാഷയെയോ ബാധിക്കുന്ന സംഗതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താൻ അവരുടെ പ്രതിനിധി ഉണ്ടെങ്കിലേ സാധിക്കുകയുള്ളൂ. ഒരു കോൺഗ്രസ് മുസ്‌ലിമോ സോഷ്യലിസ്റ്റ് മുസ്‌ലിമോ അസംബ്ലിയിലോ കൗൺസിലിലോ ഉണ്ടായാൽതന്നെ അദ്ദേഹം സമുദായത്തിന്റെ വക്താവല്ല, കോൺഗ്രസിന്റെയോ സോഷ്യലിസ്റ്റ് പാർട്ടിയുടെയോ വക്താവാണ്. അയാൾ സമുദായത്തെപ്പറ്റി സംസാരിച്ചാൽ തന്നെ അതിനൊരു പരിമിതിയുണ്ട്. അതിനപ്പുറം കടന്നു സംസാരിക്കാൻ അവകാശമില്ല. സമുദായത്തിന്റെ പ്രാതിനിധ്യവും അയാൾക്കില്ല. അതുകൊണ്ട് മുസ്‌ലിംകൾക്ക് ഒരു പ്രത്യേക

സംഘടന ഉണ്ടായിരിക്കേണ്ടതാണെന്നും അത് രാഷ്ട്രീയ സ്വഭാവത്തോടുകൂടിയായിരിക്കേണ്ടതാണെന്നും വ്യക്തമാണ്. അത്തരം ഒരു സംഘടന ഉണ്ടാവുന്നതിന് ഇന്നത്തെ ഭരണഘടന എതിരല്ലതാനും.

എന്നാൽ അത് മുസ്‌ലിം ലീഗ് തന്നെയായിരിക്കണം എന്നെന്താണ്, മറ്റേതെങ്കിലും പേരിൽ ആയിക്കൂടേ എന്ന് പലർക്കും അഭിപ്രായമുണ്ട്. അതിനവർ പറയുന്ന കാരണം ഞാൻ മുമ്പ് പ്രസ്താവിച്ച പ്രകാരം അത് പാകിസ്താനിനു വേണ്ടിയുള്ള ഒരു സംഘടനയായിരുന്നുവെന്നതാണ്. പാകിസ്താൻ സ്ഥാപിച്ച ശേഷവും അതിനു നിലനിൽക്കാൻ അവകാശമില്ലെന്നുമാണ്. അതിനു പുറമെ ഇന്ത്യ വിഭജിക്കാൻ തന്നെ ഇടയാക്കിയത് മുസ്‌ലിം ലീഗാണ്. അതുകൊണ്ടും അതിന് നിലനിൽക്കാൻ അനുവദിച്ചുകൂടെന്നാണ്. വാസ്തവത്തിൽ ഈ വാദം അടിസ്ഥാനരഹിതമാണ്. 1906ലാണ് മുസ്‌ലിം ലീഗ് സ്ഥാപിതമായത്. അന്നുമുതൽ ഇന്നേവരെ മുസ്‌ലിം ലീഗിന്റെ ഉദ്ദേശ്യവും ലക്ഷ്യവും മുസ്‌ലിംകളുടെ രാഷ്ട്രീയവും സാമുദായികവും സാംസ്കാരികവുമായ നില സംരക്ഷിക്കുകയെന്നതാണ്. അതേ അവസരത്തിൽതന്നെ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി ഇതര സാമുദായിക സംഘടനകളേക്കാൾ കൂടുതലായി പോരാടിയിട്ടുണ്ട്. അവസാനം സ്വാതന്ത്ര്യലബ്ധിക്ക് കീറാമുട്ടിയായി വിലങ്ങടിച്ചു നിന്നത് കോൺഗ്രസിനും മുസ്‌ലിം ലീഗിനും യോജിച്ചുകൊണ്ടുള്ള ഒരു ഭരണപദ്ധതി തയ്യാറാക്കാൻ സാധിച്ചില്ലെന്നതാണ്.

1940ൽ ഈ വിഷമപ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിൽ മുസ്‌ലിം ലീഗ് കണ്ടുപിടിച്ച ഒരു പദ്ധതിയാണ് വിഭജനം. ആദ്യത്തിൽ കോൺഗ്രസ് അതിനു വിസമ്മതിച്ചെങ്കിലും മറ്റു പോംവഴിയൊന്നും കാണാതെ വന്നതുകൊണ്ട് കോൺഗ്രസ് അത് സമ്മതിക്കുകയും ചെയ്തു. മറ്റൊരു ഭാഷയിൽ പറയുകയാണെങ്കിൽ വിഭജന പദ്ധതി ഉന്നയിച്ചത് ലീഗും അത് നടപ്പിൽ വരുത്തിയത് മുസ്‌ലിംലീഗും കോൺഗ്രസും യോജിച്ചുകൊണ്ടുമാണ്. ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാം മുസ്‌ലിം ലീഗ് പാകിസ്താനു വേണ്ടി സ്ഥാപിതമായ ഒരു സംഘടനയല്ലെന്ന്. മുസ്‌ലിം ലീഗ് എന്തിന് ഉയിരെടുത്തുവോ ആ കാരണം അന്നത്തേതിലധികം ഇന്ന് നിലവിലുണ്ട്. വേണമെങ്കിൽ ഈ അഭിപ്രായം കോൺഗ്രസിനെപ്പറ്റിയും പറയാം. അതായത് ഇന്ത്യയുടെ സ്വാതന്ത്ര്യ സമ്പാദനത്തിനായി പോരാടിക്കൊണ്ടിരുന്ന ഒരു സംഘടനയാണ് കോൺഗ്രസ്. അത് കിട്ടിക്കഴിഞ്ഞ സ്ഥിതിക്ക് ഇനി കോൺഗ്രസിനെ വെച്ചു വളർത്തേണ്ടതില്ല. ഈ അഭിപ്രായം ഒരവസരത്തിൽ ഗാന്ധിജിതന്നെ സൂചിപ്പിച്ചിട്ടുണ്ട്. പ്രസംഗവശാൽ ഇത്രയും പറഞ്ഞുവെന്നേയുള്ളൂ. കോൺഗ്രസ് പിരിച്ചുവിട്ടു തൽസ്ഥാനത്ത് മറ്റൊരു രാഷ്ട്രീയ സംഘടന ഉണ്ടാക്കണമെന്ന അഭിപ്രായം എനിക്കില്ല.

മുസ്‌ലിം ലീഗ് ഒരു ആപൽക്കാരിയായ സംഘടനയാണോ എന്ന് വിഭജനാനന്തരം ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതാണ്. മുസ്‌ലിം ലീഗിനു യൂനിയൻ ഗവൺമെന്റിനോടല്ല, പാകിസ്താൻ ഗവൺമെന്റിനോടാണ് കൂറെന്ന് തെളിയിക്കുന്ന ഒരൊറ്റ സംഭവം പോലും എടുത്തുകാണിക്കാൻ സാധിക്കില്ല. ഹൈദരാബാദ് സംഭവകാലത്ത് പലരെയും അറസ്റ്റ് ചെയ്തു തടവിൽ താമസിപ്പിച്ചു. പക്ഷേ, ആരുടെ പേരിലും കുറ്റമൊന്നും ചുമത്താനുണ്ടായില്ല. കാരണം, അവർ കുറ്റമൊന്നും ചെയ്തില്ല. ഉള്ളിലുള്ളത് പറയും, പറയുന്നതനുസരിച്ച് പ്രവർത്തിക്കും. ഇതാണ് മുസ്‌ലിംലീഗിന്റെ നില. മുസ്‌ലിം ലീഗ് ഇന്ത്യൻ യൂനിയന്റെ ശത്രുവല്ല. ഈ വസ്തുത ഇന്ത്യയുടെ രാജാജി ഗവൺമെന്റുമായുള്ള സഹകരണം കൊണ്ട് മുസ്‌ലിം ലീഗ് തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ മുസ്‌ലിംകൾ എന്തുകൊണ്ട് കോൺഗ്രസിൽ നിന്നുകൊണ്ട് യോജിച്ചു പ്രവർത്തിക്കുന്നില്ല എന്നൊരു ചോദ്യം ഇവിടെ ഉദ്ഭവിക്കുന്നുണ്ട്. ഇതിനുള്ള മറുപടി ഞാൻ മുമ്പു പറഞ്ഞു കഴിഞ്ഞതാണ്. അതായത്, സമുദായത്തിന്റെ വക്താവായിരിക്കുന്നതുകൊണ്ടല്ലാതെ കോൺഗ്രസിന്റെ വക്താവായിരിക്കുന്നതുകൊണ്ട് ഗുണമൊന്നുമില്ല. മുസ്‌ലിം ലീഗിനോടുള്ള ചില നേതാക്കളുടെ അറപ്പും വെറുപ്പും നിർത്തിവെച്ച് ഇനിയുണ്ടാകാനിടയുള്ള തിരഞ്ഞെടുപ്പുകളിലും പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ വേണമെങ്കിൽ ഒരുമിച്ച് പ്രവർത്തിക്കാം.

ഏതായാലും മുസ്‌ലിം ലീഗിന്റെ നിലനിൽപ് രാഷ്ട്രീയത്തിനും ഇന്ത്യാരാജ്യം ഭരിക്കുന്ന കോൺഗ്രസിനുതന്നെയും രക്ഷയാണെന്ന് അവധാനപൂർവം ചിന്തിക്കുന്ന ഏതൊരാൾക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. ഇന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തടയാൻ കെൽപുള്ള ഒരു ശക്തിയാണ് മുസ്‌ലിംലീഗ്. അടുത്ത കാലത്തെ തിരു-കൊച്ചി തിരഞ്ഞെടുപ്പ് തന്നെ ഇതിനു മതിയായ തെളിവാണ്. തിരു-കൊച്ചിയിലെ മുസ്‌ലിംലീഗ് രാഷ്ട്രീയ സ്വഭാവം ഉപേക്ഷിച്ചു മുസ്‌ലിം യുവാക്കളെ അനാഥകളാക്കി അലയാൻ വിട്ടതിന്റെ ഫലമായിട്ടാണ് കോൺഗ്രസിന് ഇന്ന് ഒരു മന്ത്രിസഭ രൂപീകരിക്കാൻ സാധിക്കാത്ത നില വന്നത്. ഇന്ന് രാജാജി മന്ത്രിസഭയ്ക്ക് മുസ്‌ലിം ലീഗ് എംഎൽ എമാർ എത്രകണ്ട് സഹായകമായിത്തീർന്നിട്ടുണ്ടെന്നുള്ള വസ്തുത ആരുതന്നെ നിഷേധി

വിഭജനാനന്തരം ശൂന്യതയിലകപ്പെട്ടിരുന്ന മുസ്‌ലിം സമുദായത്തിന് മുസ്‌ലിം ലീഗ് ഒരു അത്താണിയായി മാറി. കെ.എം. മൗലവിയുടെയും ഇ.കെ മൗലവിയുടെയും ചിന്തകൾ ലീഗിനെ നിലനിർത്തുന്നതിൽ മഖ്യപങ്കു വഹിച്ചതായി കാണാവുന്നതാണ്. കോൺഗ്രസിൽ അടിയുറച്ചു നിന്നിരുന്ന സീതിസാഹിബ് ലീഗിലെത്തിയത് ലീഗിന് കൂടുതൽ കരുത്ത് പകർന്നു. കെ.എം.മൗലവിയും ഇ.കെ.മൗലവിയും ചേർന്നാണ് സീതി സാഹിബിനെ ലീഗിലേക്ക് കൊണ്ടുവന്നത് എന്നു നാം നേരത്തെ പരാമർശിച്ചല്ലോ. എന്തു കാര്യങ്ങളും പരസ്പരം കൂടിയാലോചിച്ചുമാത്രം തീരുമാനിച്ചിരുന്ന ത്രിമൂർത്തികളായാണ് മൂവരെയും കാലം അടയാളപ്പെടുത്തിയത്

ച്ചാലും ദൈവവിശ്വാസമുള്ള രാജാജി അതു നിഷേധിക്കുമെന്ന് തോന്നുന്നില്ല. മലബാറിൽ തെരഞ്ഞെടുപ്പിലുണ്ടായ കോൺഗ്രസിന്റെ പരാജയത്തിനു കാരണം തന്നെ മുസ്‌ലിം ലീഗിനെ ഒരു അസ്പൃശ്യ വസ്തുവായി ഗണിച്ചതിന്റെ ഫലമാണെന്ന് പിന്നീടെങ്കിലും ചില കോൺഗ്രസ്സുകാർ മനസ്സിലാക്കിയുണ്ടെന്നത് ഒരു പരമാർത്ഥം തന്നെയാണ്.

മുസ്‌ലിം ലീഗിന്റെ പേരു കേൾക്കുമ്പോൾ ചിലർക്ക് ഹാലിളകുന്നു. ചിലർ അമ്പരക്കുന്നു. എന്താണ്? ഇന്ത്യൻ യൂനിയനിൽ നാലര കോടി മാത്രം ജനസംഖ്യയുള്ള മുസ്‌ലിംകൾ ഭരണം കൈക്കലാക്കിക്കളയുമെന്നാണോ ഇക്കൂട്ടർ ഭയപ്പെടുന്നത്? അത് സംഭവ്യമല്ല തന്നെ. ഏതായാലും മുസ്‌ലിംകളുടെ കാര്യം പറയാൻ മുസ്‌ലിം ലീഗ് കൂടിയേ മതിയാവൂ. അതിനു വേണ്ടി മുസ്‌ലിം ലീഗ് നിലനിൽക്കണം, നിലനിർത്തണം. ആർക്കും അതിൽ കണ്ണുകടി വേണ്ട" (ചന്ദ്രിക ആഴ്ചപ്പതിപ്പ്, പുസ്തകം 4, ലക്കം 34, 1954 ഏപ്രിൽ 10).

വിഭജനാനന്തരം ശൂന്യതയിലകപ്പെട്ടിരുന്ന മുസ്‌ലിം സമുദായത്തിന് മുസ്‌ലിം ലീഗ് ഒരു അത്താണിയായി മാറി. കെ.എം. മൗലവിയുടെയും ഇ.കെ മൗലവിയുടെയും ചിന്തകൾ ലീഗിനെ നിലനിർത്തുന്നതിൽ മുഖ്യ പങ്കു വഹിച്ചതായി കാണാവുന്നതാണ്. കോൺഗ്രസിൽ അടിയുറച്ചു നിന്നിരുന്ന സീതിസാഹിബ് ലീഗിലെത്തിയത് ലീഗിന് കൂടുതൽ കരുത്ത് പകർന്നു. കെ.എം.മൗലവിയും ഇ.കെ.മൗലവിയും ചേർന്നാണ് സീതി സാഹിബിനെ ലീഗിലേക്ക് കൊണ്ടുവന്നത് എന്നു നാം നേരത്തെ പരാമർശിച്ചല്ലോ. എന്തു കാര്യങ്ങളും പരസ്പരം കൂടിയാലോചിച്ചുമാത്രം തീരുമാനിച്ചിരുന്ന ത്രിമൂർത്തികളായാണ് മൂവരെയും കാലം അടയാളപ്പെടുത്തിയത്. പ്രശസ്ത ചരിത്രകാരനായ കെ.കെ. മുഹമ്മദ് അബ്ദുൽ കരീം തന്റെ കെ.എം.മൗലവി സാഹിബ് എന്ന ഗ്രന്ഥത്തിൽ എഴുതിയത് കാണുക:

"കെ. എം. മൗലവി സാഹിബിന്റെ രാഷ്ട്രീയ-സാമൂഹിക പ്രവത്തനങ്ങളിലാകമാനം കെ. എം. സീതി സാഹിബും ജ: ഇ.കെ. മൗലവി സാഹിബും വലിയ പങ്ക് വഹിച്ചിരുന്നു. നീണ്ട അമ്പത് വർഷകാലങ്ങളോളം അവർ കേരള മുസ്‌ലിം നവോദ്ധാരണ ഭാഗധേയരംഗത്ത് ശ്രദ്ധേയങ്ങളായ സംഭാവനകളർപ്പിച്ചിട്ടുണ്ട്. അവർ മൂന്നു പേരും മത-രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിൽ കൂട്ടായി പ്രവത്തിച്ചു. അവർക്കിടയിൽ യാതൊരു ഭിന്നിപ്പും പ്രകടമായി കണ്ടിട്ടില്ല ഒരവസരത്തിലും. സീതിസാഹിബ് ഏതൊരു പ്രശ്നം അഭിമുഖീകരിക്കുമ്പോഴും ജ:കെ.എം.മൗലവി, ജ:ഇ.കെ.മൗലവി മുതലായവരുമായി കൂടിയാലോചന നടത്തിയിരുന്നു. പുതിയ ഏതൊരു പ്രവർത്തനത്തിന്നു സന്നദ്ധരാകുമ്പോഴും ഈ മൗലവിമാർ ഇരുവരും ജ: സീതി സാഹിബിന്റെ അഭിപ്രായം ആരായുക പതിവായിരുന്നു."

മുസ്‌ലിം ലീഗിലെത്തിയതോടെ സീതിസാഹിബ് സംഘടനയുടെ അമരത്തെത്തുകയും പിന്നീട് മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി മാറുകയും ചെയ്തു. എന്നാൽ ഇ.കെ.മൗലവിയാകട്ടെ, രാഷ്ട്രീയ രംഗത്ത് പ്രവർത്തിച്ചപ്പോഴും തനതായ കർമവിശുദ്ധിയോടെ മതരംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് ചടുലമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

*(തുടരും)*

മുഹമ്മദ് സിയാദ്, വാരണാക്കര
: 97450 29410

# കുടുംബത്തെ രക്ഷിക്കുക



> വർത്തമാനകാലത്ത് ഇത്തരം പല വൃത്തികേടുകളും വൃത്തികേടുകളല്ല എന്നു വരുത്തിത്തീർക്കപ്പെട്ടിട്ടുണ്ട്. പല കാര്യങ്ങളുടെയും സ്വാധീനം മുഖേനയാണ് ഈ മനോഭാവം ഉണ്ടായത്. തന്റെ മക്കൾ അധാർമികതകൾ ചെയ്യുന്നത് ആസ്വദിക്കുന്ന രക്ഷിതാവിന്റെ ഒരു ചെറിയ റീൽ വീഡിയോ കാണുന്നതുപോലും ആളുകളെ ഈ മനോഭാവത്തിലേക്ക് നയിക്കുവാൻ കാരണമായേക്കാം. പലർക്കും മതത്തിന്റെ നിയമനിർദേശങ്ങൾ പരസ്യമായി പാലിക്കുവാൻ മടിയാണ്, ആളുകൾ കളിയാക്കുമോ എന്നാണു പേടി!

'പൗരുഷം' അഥവാ 'മാസ്ക്യുലിനിറ്റി' എന്നതിന് നിരവധി നിർവചനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ലിബറലിസം ഏവർക്കും ഏതുകാര്യത്തെയും തങ്ങളുടെ ഇഷ്ടത്തിനും സൗകര്യത്തിനും അനുയോജ്യമായ രീതിയിൽ നിർവചിക്കാമെന്ന ആശയം പ്രചരിപ്പിക്കുന്നതിനാൽ, മറ്റെല്ലാ കാര്യങ്ങളും പോലെത്തന്നെ മാസ്ക്യുലിനിറ്റിക്കും ഒരാഗോള നിർവചനം നൽകിയിട്ടില്ല. പലരും തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സമൂഹമാധ്യമങ്ങളും സിനിമകളുമെല്ലാം ഇതിനായുള്ള ഉപാധികളാണ്.

സാങ്കൽപിക കഥാപാത്രങ്ങളിലൂടെ പല സ്വഭാവങ്ങളും മാസ്ക്യുലിനിറ്റിയുടെ ഭാഗമാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയാണിവർ. എന്നാൽ അത്തരക്കാർക്കിടയിൽതന്നെ പല വൈരുധ്യങ്ങളും കാണാൻ കഴിയും. പല ആശയങ്ങളും പരസ്പര വിരുദ്ധമാണ്. ഉദാഹരണത്തിന്, ഒരു വശത്ത് മദ്യത്തെയും സിഗരറ്റിനെയും ശക്തരുടെ അടയാളമായി നേരിട്ടോ അല്ലാതെയോ ചിത്രീകരിക്കാൻ ശ്രമിക്കുമ്പോൾ, മറുവശത്ത് ലഹരി ഉപയോഗിക്കാത്തവരാണ് ശക്തർ എന്ന മറ്റൊരാശയം ഉയരുന്നു. ഈ ആശയങ്ങൾ തമ്മിൽ പരസ്പരം മത്സരം നടക്കുകയും അതൊക്കെ ഒരു ട്രെൻഡായി മാറുകയും ചെയ്യുന്നു. അതിനെ ഒരു ട്രെൻഡായി മാത്രം കണക്കാക്കുമെങ്കിലും, യുവാക്കൾക്കും കൗമാരക്കാർക്കുമിടയിലെ അനുകരണത്വര കണക്കിലെടുക്കുമ്പോൾ അതെല്ലാം അപകടസൂചന തന്നെയാണ്. ആൽഫ മെയിൽ, സിഗ്മ മെയിൽ തുടങ്ങിയ വാക്കുകളുടെയും ഒട്ടനവധി ഇൻഫ്ളുവൻസർമാരുടെയുമെല്ലാം പോപ്പുലാരിറ്റി ഇതിനെ അടിവരയിട്ട് സൂചിപ്പിക്കുന്നു.

ഏതൊരു കലയിലും, ഒരു കാര്യത്തെ പലതരത്തിൽ ചിത്രീകരിക്കാൻ കഴിയും. ഉദാഹരണത്തിന്, ഭാര്യയെ തല്ലുന്ന കഥാപാത്രത്തെ പോസിറ്റീവായും നെഗറ്റീവായും രണ്ടിനുമിടയിൽ ഹാസ്യ രൂപേണയും അവതരിപ്പിക്കാൻ സാധിക്കും. നിലവിൽ ഇത്തരം കഥാപാത്രങ്ങളെ മിക്കപ്പോഴും പോസിറ്റീവായ വശത്തിലോ അല്ലെങ്കിൽ സ്റ്റൈലിഷായോ തന്നെയാണ് ചിത്രീകരിക്കാറുള്ളത്. അതൊരു ചെറിയ റീൽ വീഡിയോയിൽ ആയാൽ പോലും അതിന് സമൂഹത്തിൽ വളരെ സ്വാധീനം ചെലുത്താൻ കഴിയുന്നുണ്ട്. പല അധാർമികതകളെയും ഹീറോയിസമായി രൂപപ്പെടുത്തുമ്പോൾ അതിനെ പുതുതലമുറയിലെ കുട്ടികൾ അനുകരിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. ഭാര്യയെ തല്ലുക എന്നത് ഒരു ഉദാഹരണം മാത്രമാണ്. എണ്ണിത്തീർക്കാൻ കഴിയാത്തത്ര കാര്യങ്ങൾ ഹീറോയിസം എന്ന രീതിയിൽ പ്രചരിപ്പിക്കപ്പെടുന്നുണ്ട്; നേരിട്ടോ അല്ലാതെയോ.

പല കാര്യങ്ങളെപ്പറ്റിയും ആളുകളിൽ 'അത് സാധാരണയാണ്' എന്നൊരു മനോഭാവം ഉണ്ടാക്കിയെടുക്കുവാൻ ഇവർ ശ്രമിക്കുന്നു. അതിൽ ഒരു പരിധിവരെ ഇവർ വിജയിക്കുകയും ചെയ്തിട്ടുണ്ട്. മുസ്‌ലിം എന്ന നിലയിൽ നമുക്കൊരിക്കലും ഉൾകൊള്ളാൻ കഴിയാത്ത കാര്യങ്ങളെപ്പോലും ഇപ്പോൾ ഇതെല്ലാം സാധാരണയാണ് എന്ന നിലയിൽ അംഗീകരിക്കുന്നതിലേക്ക് എത്തിച്ചിട്ടുണ്ട്. അത്തരത്തിലൊരു സ്വഭാവമാണ്, തന്റെ സ്ത്രീകളിൽ ഒരു മേൽനോട്ട

വുമില്ലാതെ തന്റെ കുടുംബത്തിൽ നടക്കുന്ന തിന്മകളുമായി ഒത്തുപോകുന്ന സ്വഭാവം.

സമൂഹത്തിൽ എത്രത്തോളം കഴുകക്കണ്ണുകളുണ്ടെന്നത് സോഷ്യൽ മീഡിയകൾ ഉപയോഗിക്കുന്നവർക്ക് വ്യക്തമായി മനസ്സിലാക്കാവുന്ന കാര്യമാണ്. പല പോസ്റ്റുകൾക്കടിയിലും അശ്ലീല കമന്റുകളിടുന്നവർ ഈ സമൂഹത്തിൽ ജീവിക്കുന്നവരാണെന്ന യാഥാർഥ്യം പലരും അവഗണിക്കുകയാണ്. ഏതൊരു കാര്യത്തെയും ഇങ്ങനെ മോശം കണ്ണുകളിലൂടെ നോക്കിക്കാണുന്നവർ സമൂഹത്തിൽ ധാരാളമായുണ്ട്, അത് സമ്മതിച്ചുനൽകാൻ പലർക്കും ബുദ്ധിമുട്ടാണ്, അതിനെ കണ്ടില്ലെന്ന് നടിക്കുന്നതാകട്ടെ പുരോഗമനവും! വയനാട്ടിൽ സംഭവിച്ച ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട കുട്ടികളെ സഹായിക്കാൻ മുന്നോട്ട് വന്നവരെ പോലും ഇവർ വെറുതെ വിട്ടിട്ടില്ല. യഥാർഥ പുരുഷന്, ഇത്തരം വൃത്തികെട്ട കണ്ണുകൾ തന്റെ ഭാര്യ, മാതാവ്, സഹോദരിമാർ തുടങ്ങിയവരുടെ മേൽ പതിയുന്നത് വെറുപ്പായിരിക്കും. തങ്ങളുടെ സ്ത്രീകളുടെ ആത്മാഭിമാനവും സുരക്ഷിതത്വവും ചാരിത്ര്യവും സംരക്ഷിക്കുന്നവരാണവർ. ഏതു മതക്കാരനുമാകട്ടെ, യഥാർഥ പുരുഷന് തന്റെ സ്ത്രീകളെ പ്രദർശന വസ്തുവാക്കാൻ കഴിയില്ല. അത് മസ്ക്യൂലിനിറ്റിയുടെ ഭാഗമായ ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു ഗുണം തന്നെയാണ്.

ഈ സ്വഭാവത്തെ നബി(സ്വ) 'ഗീറഃ' എന്ന് വിശേഷിപ്പിച്ചതായി കാണാം. protective jealousy എന്ന് ഇതിനെ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം നടത്താം. ഒരു മുസ്‌ലിമിന് നിർബന്ധമായും ഉണ്ടായിരിക്കേണ്ട ഗുണമാണിത്. പ്രവാചകന്റെയും സ്വഹാബത്തിന്റെയും ജീവിതം പരിശോധിച്ചാൽ അവർക്ക് തങ്ങളുടെ സ്ത്രീകളുടെ കാര്യത്തിൽ എത്രമാത്രം ഗീറഃ ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കും.

സഅദ് ഇബ്നു ഉബാദ(റ), തന്റെ ഭാര്യയുടെ കൂടെ മറ്റൊരാണിനെ താൻ കണ്ടാൽ അവനെ വധിക്കുമെന്ന് പറഞ്ഞു. ഇതറിഞ്ഞ പ്രവാചകൻ(സ്വ) പറഞ്ഞു: "നിങ്ങൾ സഅദിന്റെ ഗീറയിൽ അത്ഭുതപ്പെട്ടിരിക്കുകയാണ്, തീർച്ചയായും സഅദിനെക്കാൾ ഗീറഃ എനിക്കുണ്ട്, എന്നെക്കാൾ ഗീറഃ അല്ലാഹുവിനുണ്ട്. അതുകൊണ്ട് അവൻ ആളുകൾ രഹസ്യമായും പരസ്യമായും ചെയ്യുന്ന (വ്യഭിചാരം പോലെയുള്ള) വൃത്തികേടുകളെയെല്ലാം നിഷിദ്ധമാക്കി" (ബുഖാരി).

ഒരു മുസ്‌ലിമിന് ഒരിക്കലും തന്റെ കുടുംബത്തിൽ നടന്നുകൊണ്ടിരിക്കുന്ന വൃത്തികേടുകളെ കണ്ടില്ലെന്ന് നടിക്കുവാനോ, അവയോട് പൊരുത്തപ്പെട്ടു പോകുവാനോ കഴിയുകയില്ല. പുരുഷൻ തന്റെ കുടുംബത്തിന്റെമേൽ ഉത്തരവാദിത്തമുള്ള ഒരു ഇടയനാണെന്ന് പ്രവാചകൻ(സ്വ) പഠിപ്പിച്ചിട്ടുണ്ട് (ബുഖാരി).

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽനിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക" (66:6).

ഒരു കവി പാടി: "സ്ത്രീകളെ തുറിച്ചുനോക്കുന്ന പുരുഷന്മാർ ഇറച്ചിക്കഷ്ണം ലക്ഷ്യമിട്ട് അതിനെ വലയം ചെയ്യുന്ന നായകളെ പോലെയാണ്. അവരുടെ കാവൽക്കാരായ സിംഹങ്ങൾ അവരെ സംരക്ഷിച്ചില്ലെങ്കിൽ, മൂല്യവും പരിഗണനയുമില്ലാതെ അവ ആർത്തിയോടെ തിന്നുതീർക്കപ്പെടും."

എങ്ങനെയാണ് ഒരാണിന് തന്റെ സ്ത്രീയെ മറ്റുള്ളവർ ആസ്വദിക്കുന്നതിനോട് പൊരുത്തപ്പെട്ടു പോകുവാൻ കഴിയുക? ഇതെല്ലാം പരിഷ്കരിക്കപ്പെടാത്ത ഒരാളുടെ വാദമാണെന്ന് പുരോഗമനവാദികൾക്ക് തെളിയിക്കണമെങ്കിൽ, സ്ത്രീയെ കണ്ടാൽ പുരുഷന് ആകർഷണം തോന്നുകയില്ല എന്ന് സമർഥിക്കേണ്ടിവരും. അതൊരിക്കലും സാധ്യമല്ല, അത് മനുഷ്യ പ്രകൃതമാണ്. എല്ലാ കാര്യത്തിലും ശാസ്ത്രം നോക്കുന്നവർ ഈ വിഷയത്തിലും ശാസ്ത്രം എന്താണ് പറഞ്ഞത് എന്നതിനെ അവഗണിക്കുന്നു

എന്നാൽ വർത്തമാനകാലത്ത് ഇത്തരം പല വൃത്തികേടുകളും വൃത്തികേടുകളല്ല എന്നു വരുത്തിത്തീർക്കപ്പെട്ടിട്ടുണ്ട്. പല കാര്യങ്ങളുടെയും സ്വാധീനം മുഖേനയാണ് ഈ മനോഭാവം ഉണ്ടായത്. തന്റെ മക്കൾ അധാർമികതകൾ ചെയ്യുന്നത് ആസ്വദിക്കുന്ന രക്ഷിതാവിന്റെ ഒരു ചെറിയ റീൽ വീഡിയോ കാണുന്നതു പോലും ആളുകളെ ഈ മനോഭാവത്തിലേക്ക് നയിക്കുവാൻ കാരണമായേക്കാം. പലർക്കും മതത്തിന്റെ നിയമനിർദേശങ്ങൾ പരസ്യമായി പാലിക്കുവാൻ മടിയാണ്, ആളുകൾ കളിയാക്കുമോ എന്നാണു പേടി!

ഇസ്‌ലാം മതം പരിഷ്കരിക്കപ്പെടണം എന്ന് വാദിക്കുന്ന മുസ്‌ലിം നാമധാരികളെയും നാം കാണുന്നു. യഥാർഥത്തിൽ ഈ വാദം ഇസ്‌ലാം ദൈവികമാണെന്ന വസ്തുതയുടെ നിരാകരണമാണ്. ഇസ്‌ലാം ദൈവികമാണ് എന്ന് വിശ്വസിക്കുന്ന ഒരാളും അത് പരിഷ്കരിക്കപ്പെടണം എന്ന വാദം ഉന്നയിക്കുകയില്ല. ഇസ്‌ലാം മുഹമ്മദ് നബി(സ്വ) തന്റെ യുക്തിക്കനുസരിച്ച് കെട്ടിച്ചമച്ചതാണെന്ന വിമർശകരുടെ വാദത്തിലേക്കുള്ള ആദ്യത്തെ ചവിട്ടുപടിയാണ് ഇസ്‌ലാം പരിഷ്കരിക്കപ്പെടണമെന്ന വാദം. പരിഷ്കരിക്കപ്പെടണമെങ്കിൽ അത് ദൈവികമാകില്ല!. ■

റോഷൻ പുനലൂർ

‘മദ്യം തിന്മകളുടെ മാതാവാണ്,’ ‘ലഹരിയുണ്ടാക്കുന്നതെല്ലാം നിഷിദ്ധമാണ്’ തുടങ്ങിയ പ്രവാചകവചനങ്ങൾ ശ്രദ്ധേയമാണ്. ലഹരിക്ക് അടിമയായ വ്യക്തി അത് ലഭിക്കാതിരുന്നാൽ ഭ്രാന്തനായി മാറുന്നു. സ്വന്തം പിതാവിന്റെയോ മാതാവിന്റെയോ കഴുത്തിലേക്ക് കത്തി കുത്തിയിറക്കാൻ അവൻ തയ്യാറാകുന്നു. അതെ, ലഹരി സർവ തിന്മകളുടെയും മാതാവാണ്. നമ്മുടെ മക്കളെ കാത്ത് അവ കലാലയങ്ങളുടെ പരിസരങ്ങളിൽ മിഠായിയായും പൊടിയായും ക്രിസ്റ്റലായുമൊക്കെ പതിയിരിക്കുന്നുണ്ടെന്ന് നാം തിരിച്ചറിയുക,

# ലഹരിയുടെ പിടിയിലമരുന്ന കൗമാരങ്ങൾ

ലഹരിവസ്തുക്കൾ ഇന്ന് ആർക്കും എപ്പോഴും എല്ലായിടത്തും ലഭിക്കത്തക്കവിധം വ്യാപകമായിരിക്കുകയാണ്. മദ്യം പുരാതന കാലം മുതൽക്കേ നിലവിലുള്ള ഒന്നാണ്. പ്രവാചകൻ(സ്വ) നിയോഗിതനാകുന്ന കാലഘട്ടത്തിൽ അവിടെയുള്ളവർ മദ്യത്തിന്റെ അടിമകളായിരുന്നു. താൻ മരണപ്പെട്ടാൽ തന്റെ മൃതശരീരം മുന്തിരി വള്ളികൾക്കു ചുവട്ടിൽ മറമാടണമെന്ന് വസ്വിയ്യത്ത് ചെയ്യുന്ന കവിത രചിച്ച കവികൾപോലും അവിടെയുണ്ടായിരുന്നു. മരിച്ചുകഴിഞ്ഞാലും മുന്തിരിവള്ളിയുടെ വേരിലൂടെ മുന്തിരിക്കള്ള് ആസ്വദിക്കാമെന്ന മോഹമായിരുന്നു അതിനു പിന്നിൽ.

മനുഷ്യനെ ലഹരിയിലേക്ക് എത്തിക്കുന്നത് പല കാരണങ്ങളാണ്. ജീവിതചുറ്റുപാടുകളും അവിശുദ്ധ കൂട്ടുകെട്ടുകളും ജീവിതത്തിന് ലക്ഷ്യബോധമില്ലായ്മയുമൊക്കെ അതിൽ പെടുന്നു. സിനിമകളും സീരിയലുകളും സാമൂഹ്യമാധ്യമങ്ങളുമൊക്കെ ലഹരിയെ മഹത്ത്വവത്ക



രിക്കുക വഴി യുവസമൂഹത്തെ അതിലേക്ക് വലിയ തോതിൽ ആകർഷിക്കുന്നുവെന്നത് അനിഷേധ്യമായ യാഥാർഥ്യമാണ്.

സമൂഹത്തോടുള്ള കൂറും കുടുംബത്തോടുള്ള ബാധ്യതയും തിരിച്ചറിയുമ്പോൾ മനുഷ്യന് ഇതിൽ നിന്നും വിട്ടുനിൽക്കാനുള്ള മനസ്സ് സ്വമേധയാ ഉണ്ടാകും എന്നാണ് പഠനങ്ങൾ പറയുന്നത്. മാതാപിതാക്കൾ ഇതിന്റെ അപകടത്തെപ്പറ്റി ബോധവാന്മാരല്ല എന്നത് വലിയ ദുരന്തമാണ്. തന്റെ മകന്റെ അല്ലെങ്കിൽ മകളുടെ പെരുമാറ്റത്തിലും ജീവിതചര്യയിലും വന്ന മാറ്റത്തിന്റെ കാരണമന്വേഷിക്കാതെ കേവലം പ്രായത്തിന്റേതാണെുവച്ച് അവഗണിക്കുന്നവരാണ് പല മാതാപിതാക്കളും. നൈമിഷിക സുഖത്തിനും സന്തോഷത്തിനും വേണ്ടി ലഹരി നുണയുന്നതിലൂടെ താൻ തന്റെ ജീവൻതന്നെ നശിപ്പിക്കുകയാണെന്ന് അത് ഉപയോഗിക്കുന്ന വ്യക്തി തിരിച്ചറിയുന്നില്ല.

മദ്യം അടക്കമുള്ള ലഹരി പദാർഥങ്ങൾ വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹത്തിനും രാജ്യത്തിനും വരുത്തിവയ്ക്കുന്ന ദുരന്തങ്ങൾ ചെറുതല്ല. അത് മനുഷ്യന്റെ ചിന്താശേഷിയെ നശിപ്പിക്കുന്നു, വകതിരിവ് ഇല്ലാതാക്കുന്നു. ഓർമക്കുറവിനും ശ്രദ്ധയില്ലായ്മക്കും കാരണമാകുന്നു. സർവോപരി എല്ലാ തിന്മകളിലേക്കും നയിക്കുന്നു. ഇസ്‌ലാം എല്ലാവിധ ലഹരിവസ്തുക്കളും നിഷിദ്ധമാക്കിയത് ഇതുകൊണ്ടൊക്കെത്തന്നെയാണ്.

അല്ലാഹു പറഞ്ഞു: "സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നംവെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം. പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും, അല്ലാഹുവെ ഓർമിക്കുന്നതിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ വിരമിക്കുവാനൊരുക്കമുണ്ടോ? നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും സൂക്ഷിക്കുകയും ചെയ്യുക..." (ക്വുർആൻ 5:90-92).

'മദ്യം തിന്മകളുടെ മാതാവാണ്,' 'ലഹരിയുണ്ടാക്കുന്നതെല്ലാം നിഷിദ്ധമാണ്' തുടങ്ങിയ പ്രവാചകവചനങ്ങൾ ശ്രദ്ധേയമാണ്. ലഹരിക്ക് അടിമയായ വ്യക്തി അത് ലഭിക്കാതിരുന്നാൽ ഭ്രാന്തനായി മാറുന്നു. സ്വന്തം പിതാവിന്റെയോ മാതാവിന്റെയോ കഴുത്തിലേക്ക് കത്തി കുത്തിയിറക്കാൻ അവൻ തയ്യാറാകുന്നു. അതെ, ലഹരി സർവ തിന്മകളുടെയും മാതാവാണ്. നമ്മുടെ മക്കളെ കാത്ത് അവ കലാലയങ്ങളുടെ പരിസരങ്ങളിൽ മിഠായിയായും പൊടിയായും ക്രിസ്റ്റലായുമൊക്കെ പതിയിരിക്കുന്നുണ്ടെന്ന് നാം തിരിച്ചറിയുക, ജാഗ്രത പുലർത്തുക. ■

മുഹമ്മദ് അലി വാരം



# പ്രവാചകസ്നേഹത്തിന്റെ ഉദാത്ത മാതൃകകൾ

നബി(സ്വ) മരണപ്പെടുന്നതിനു മുമ്പ് ഉസാമതുബ്നു സൈദി(റ)ന്റെ നേതൃത്വത്തിൽ എഴുന്നൂറ് അംഗസൈന്യത്തെ ശാമിലേക്ക് നിയോഗിച്ചിരുന്നു. ആ സൈന്യം മദീനയുടെ പ്രാന്തപ്രദേശമായ 'ദീ ഖശബ്' എന്ന സ്ഥലത്ത് എത്തിയപ്പോഴാണ് നബി(സ്വ)യുടെ വിയോഗവാർത്ത അറിഞ്ഞത്. അതുകൊണ്ട്തന്നെ ഉസാമ(റ)യുടെ സൈന്യം അവിടെ തമ്പടിച്ചു.

നബി(സ്വ)യുടെ മരണത്തെ തുടർന്ന് അബൂബക്ർ(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പല ദുർബല വിശ്വാസികളും കപടന്മാരും മതപരിത്യാഗികളായി. 'ഞങ്ങൾ സകാത്ത് കൊടുത്തിരുന്നത് മുഹമ്മദ് നബി(സ്വ)ക്കായിരുന്നു. നബി(സ്വ) മരിച്ചു; ഇനി സകാത്ത് കൊടുക്കുകയില്ല' എന്ന് ചിലർ പറഞ്ഞു. അവസരം കാത്തിരുന്ന യഹൂദ-ക്രൈസ്തവരാകട്ടെ ലഭിച്ച സന്ദർഭം മുതലെടുത്ത് മദീനക്ക് നേരെ തലയുയർത്തുവാനും തുടങ്ങി.

ഈ സന്ദർഭത്തിൽ പ്രവാചകാനുയായികൾ (സ്വഹാബികൾ) അബൂബക്റി(റ)നോട് പറഞ്ഞു: "സ്ഥിതിഗതികൾ കലുഷിതമാണിപ്പോൾ. അതുകൊണ്ട് തന്നെ ഉസാമ(റ)യുടെ സൈന്യത്തെ ഇപ്പോൾ ശാമിലേക്ക് പറഞ്ഞുവിടേണ്ട. പരിസരം ഒന്ന് ശാന്തമാകട്ടെ." ഇത് കേട്ടമാത്രയിൽ അബൂബക്ർ(റ) പ്രതികരിച്ചത് ഇങ്ങനെ: "അബൂബക്റിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം! വന്യമൃഗങ്ങൾ മലയിറങ്ങിവന്ന് എന്നെ തട്ടിക്കൊണ്ട് പോകും എന്ന് ഞാൻ ഉറപ്പിച്ചാലും ഈ മദീനയിൽ ഞാൻ മാത്രമെ ശേഷിക്കുന്നുള്ളൂവെങ്കിലും ഉസാമ(റ)യുടെ സൈന്യത്തെ ഞാൻ നിയോഗിക്കുകതന്നെ ചെയ്യും; റസൂൽ(സ്വ) കൽപിച്ചതുപോലെ. റസൂൽ(സ്വ) ചെയ്ത ഏതൊരു പ്രവൃത്തിയും ഞാൻ ഒഴിവാക്കുകയില്ല. ഞാനത് പ്രവർത്തിക്കുകതന്നെ ചെയ്യും. റസൂലിന്റെ കൽപന വല്ലതും ഉപേക്ഷിക്കുകയാണെങ്കിൽ മാർഗഭ്രംശത്തിൽ അകപ്പെടുമെന്ന് ഞാൻ ഭയപ്പെടുന്നു."

എന്താണിവിടെ വിഷയം? ഉസാമ(റ)യെ അയ

ക്കേണ്ട എന്ന് സ്വഹാബികൾ പറഞ്ഞിട്ടില്ല. മറിച്ച്, ഇപ്പോൾ ഈ അവസ്ഥയിൽ ഉസാമ(റ)യുടെ സൈന്യത്തെ അയക്കേണ്ട എന്ന് മാത്രമാണ് അവർ പറഞ്ഞത്. അതായത്, സ്ഥിതിഗതികൾ മാറിയതിനുശേഷം അയക്കാം. പക്ഷേ, അബൂബക്ർ(റ) എടുത്ത നിലപാട് 'നബി(സ്വ)യുടെ ഒരു കൽപന ഞാൻ ഒഴിവാക്കുകയില്ല; ഈ നാട്ടിൽ ഞാൻ തനിച്ചാണെങ്കിലും ശരി' എന്നായിരുന്നു. നബി(സ്വ) യുടെ ഒരു പ്രവർത്തനത്തിനും എതിരു നിൽക്കില്ല എന്ന ഉറച്ച തീരുമാനത്തിന്റെ ഫലമാണിത്.

> നബി(സ്വ)യുടെ വാക്കുകൾ, പ്രവൃത്തികൾ, അംഗീകാരം നൽകിയ കാര്യങ്ങൾ എന്നിയാണ് സുന്നത്തുകൾ അഥവാ നബിചര്യ. ഇതിന് സാക്ഷികളായവർ സ്വഹാബികളാണ്. സ്വഹാബികൾ പ്രവാചക ചര്യകളെ കൃത്യമായി അനുധാവനം ചെയ്യുകയായിരുന്നു. സുന്നത്തുകൾ പ്രയോഗവത്കരിക്കുന്നതിലൂടെ മാത്രമെ ഒരു അടിമക്ക് അല്ലാഹുവിനെ യഥാവിധി സ്നേഹിക്കുവാനും അനുസരിക്കുവാനും അവനെ സൂക്ഷിച്ച് ജീവിക്കുവാനും സാധിക്കുകയുള്ളൂവെന്ന് അല്ലാഹുവിന്റെ വചനങ്ങളിൽനിന്ന് പഠിച്ചവരാണവർ.

നബി(സ്വ)യുടെ വാക്കുകൾ, പ്രവൃത്തികൾ, അംഗീകാരം നൽകിയ കാര്യങ്ങൾ എന്നിവയാണ് സുന്നത്തുകൾ അഥവാ നബിചര്യ. ഇതിന് സാക്ഷികളായവർ സ്വഹാബികളാണ്. സ്വഹാബികൾ പ്രവാചക ചര്യകളെ കൃത്യമായി അനുധാവനം ചെയ്യുകയായിരുന്നു. സുന്നത്തുകൾ പ്രയോഗവത്കരിക്കുന്നതിലൂടെ മാത്രമെ ഒരു അടിമക്ക് അല്ലാഹുവിനെ യഥാവിധി സ്നേഹിക്കുവാനും അനുസരിക്കുവാനും അവനെ സൂക്ഷിച്ച് ജീവിക്കുവാനും സാധിക്കുകയുള്ളൂവെന്ന് അല്ലാഹുവിന്റെ വചനങ്ങളിൽനിന്ന് പഠിച്ചവരാണവർ.

അല്ലാഹു പറഞ്ഞു: "പറയുക നബിയേ, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്നെ പിൻപറ്റുക. അപ്പോൾ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യും" (ആലു ഇംറാൻ:31).

"ആരാണോ റസൂലിനെ അനുസരിച്ചത് അവർ അല്ലാഹുവിനെ അനുസരിച്ചു" (അന്നിസാഅ്:8).

"...നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്"(അൽഹശ്ർ: 7).

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്യുവരുന്നവർക്ക്" (അൽഅഹ്സാബ്:21).

ആരാധനകളിലും ക്രയവിക്രയങ്ങളിലും സംസാരത്തിലും നോട്ടത്തിലും പെരുമാറ്റരീതിയിലും സ്വഭാവത്തിലുമെല്ലാം മഹാനായ പ്രവാചകൻ(സ്വ) നമ്മുടെ മാതൃകാപുരുഷനാണ്. ആ മാതൃകയനുസരിച്ച് ജീവിക്കലാണ് അല്ലാഹുവിനോടുള്ള സ്നേഹവും സൂക്ഷ്മതയും അനുസരണവും.

തിർമുദിയിലെ സ്വഹീഹായ ഒരു ഹദീസിൽ അലിയ്യിബ്നു റബീഅ(റ) പറയുകയാണ്: "ഞാനൊരിക്കൽ അലിയ്യിബ്നു അബീത്വാലിബി(റ)ന്റെ കൂടെയായിരിക്കുമ്പോൾ അദ്ദേഹത്തിന് വേണ്ടി ഒരു വാഹനം കൊണ്ടുവരപ്പെട്ടു. ആ വാഹനത്തിൽ തന്റെ കാലടുത്ത് വെച്ചപ്പോൾ അലി(റ) പറഞ്ഞു: 'ബിസ്മില്ലാഹ്.' തുടർന്ന് വാഹനപ്പുറത്ത് കയറിയിരുന്നു കൊണ്ട് അല്ലാഹുവിനെ സ്തുതിച്ചു: 'അൽഹംദുലില്ലാഹ്.' ശേഷം വാഹനത്തിൽ കയറിയാലുള്ള ദിക്റായ സൂറതുസ്സുഖ്റുഫിലെ 13,14 ആയത്തുകൾ ഓതുകയും, അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ, എന്നിവ 3 പ്രാവശ്യം വീതം പറയുകയും ചെയ്തു. തുടർന്ന്, 'അല്ലാഹുവേ, നീ പരിശുദ്ധനാണ്. ഞാൻ എന്നോട് തന്നെ അതിക്രമം ചെയ്തിരിക്കുന്നു. നീ എനിക്ക് പൊറുത്തു തരേണമേ. നിശ്ചയം, നീയല്ലാതെ പാപങ്ങൾ പൊറുത്തു തരുന്നവൻ ആരുമില്ല' എന്ന പ്രാർഥ നടത്തുകയും ചെയ്തു. പിന്നീട് അദ്ദേഹം ചിരിച്ചു.

ഞാൻ ചോദിച്ചു: 'അമീറുൽ മുഅ്മിനീൻ! നിങ്ങൾ എന്തിനാണ് ചിരിച്ചത്?'

'ഈ ചെയ്യുന്ന മാതിരി റസൂൽ (സ്വ) ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നിട്ട് റസൂൽ(സ്വ) ചിരിക്കുകയും ചെയ്തിട്ടുണ്ട്' അലി(റ) പ്രതിവചിച്ചു (തുർമുദി).

അമീറുൽ മുഅ്മിനീൻ അലിയ്യിബ്നു അബീത്വാലിബ്(റ) തിരുചര്യ അതുപോലെ തന്നെ പ്രാവർത്തികമാക്കി നിലനിർത്തുകയാണ്. റസൂൽ(സ്വ) ചിരിച്ചത് പോലും അദ്ദേഹം പകർത്തുന്നു! ഇതാണ് യഥാർഥപ്രവാചക സ്നേഹം.

എന്നാൽ സുന്നത്തിന്റെ കാര്യത്തിൽ നമ്മുടെ അവസ്ഥ എന്താണ്? എത്രയോ സുന്നത്തുകളെ അവഗണിക്കുകയും നിസ്സാരമാക്കി തള്ളിക്കളയുകയും ചെയ്യുന്നു! സ്ഥിരപ്പെട്ട നബിചര്യകളോട് താൽപര്യമില്ല എന്ന് മാത്രമല്ല അനാചാരങ്ങളെ സുന്നത്തെന്ന വിധത്തിൽ കൊണ്ടാടുകയും ചെയ്യുന്നു. ഇസ്‌ലാം പഠിപ്പിക്കാത്ത കാര്യങ്ങളെ ഇസ്‌ലാമിന്റെ പേരിൽ കൂട്ടിച്ചേർക്കാൻ എന്ത് അവകാശമാണ് നമുക്കുള്ളത്?

അല്ലാഹു പറയുന്നു: “അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? നിർണായക വിധിയെ പറ്റിയുള്ള കൽപന നിലവിലില്ലായിരുന്നെങ്കിൽ അവർക്കിടയിൽ ഉടനെ വിധികൽപിക്കപ്പെടുമായിരുന്നു. അക്രമികളാരോ അവർക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്.” (അശ്ശൂറാ:21).

ഇങ്ങനെ അല്ലാഹു ചോദിക്കുക വഴി യാതൊരു വിശദീകരണത്തിനും പഴുതില്ലാത്തവിധം മതത്തിന്റെ സമ്പൂർണത അല്ലാഹുതന്നെ വ്യക്തമാക്കി.

“ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക്ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു. വല്ലവനും പട്ടിണി കാരണം (നിഷിദ്ധമായത്) തിന്നുവാൻ നിർബന്ധിതനാകുന്ന പക്ഷം അവൻ അധർമത്തിലേക്ക് ചായ്‌വുള്ളവനല്ലെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമാകുന്നു” (അൽമാഇദ:3).

നബി(സ്വ) പറഞ്ഞു: “ഒരു കാര്യവും ഞാൻ ബാക്കി വെച്ചിട്ടില്ല; സ്വർഗത്തിലേക്ക് അടിപ്പിക്കുകയും നരകത്തിൽ നിന്നകറ്റുകയും ചെയ്യുന്ന യാതൊരു സംഗതിയും നിങ്ങൾക്ക് വിവരിച്ചുതരാതെ” (സിൽസിലതു സ്സ്വഹീഹ: 2:416).

“രണ്ട് കാര്യങ്ങൾ ഞാൻ നിങ്ങളിൽ വിട്ടേച്ചിരിക്കുന്നു. അത് രണ്ടും മുറുകെ പിടിക്കുവോളം നിങ്ങൾ പിഴച്ചുപോകില്ല. അല്ലാഹുവിന്റെ കിതാബും അവന്റെ നബിയുടെ സുന്നത്തുമാണവ” (സ്വഹീഹുൽ ജാമിഅ്: 2937).

ചരിത്രത്തിന്റെ തെളിഞ്ഞ വെളിച്ചത്തിലാണ് പ്രവാചകൻ(സ്വ) ജീവിച്ചത്. നബി(സ്വ)യുടെ ജീവിതചരിത്രം രേഖപ്പെടുത്തിവച്ചതുപോലെ ഒരു മഹാന്റെയും ജീവിതചരിത്രം എഴുതിവെക്കപ്പെട്ടിട്ടില്ല. നബി(സ്വ)യുടെ ജീവിതത്തിലെ ചെറുതും വലുതുമായ കാര്യങ്ങളിലൊന്നും തന്നെ അടയാളപ്പെടുത്താതെ വിട്ടുപോയിട്ടില്ല.

“നബി(സ്വ)യുടെ ചര്യകൾ പിൻപറ്റി അല്ലാഹുവിലേക്ക് അടുക്കാൻ നമ്മോട് കൽപിച്ചതുപോലെ അവിടുന്ന് ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ടും അദ്ദേഹത്തെ പിൻപറ്റാൻ നാം കൽപിക്കപ്പെട്ടിട്ടുണ്ട്. പ്രവർത്തിക്കൽ സുന്നത്തായപോലെ വർജിക്കലും സുന്നത്താണ്. അതുകൊണ്ട് തന്നെ നബി(സ്വ) വർജിച്ചവ പ്രവർത്തിച്ചുകൊണ്ടും അദ്ദേഹം പ്രവർത്തിച്ചവ വർജിച്ചുകൊണ്ടും നമുക്ക് അല്ലാഹുവിലേക്ക് അടുക്കുവാൻ സാധിക്കുകയില്ല. റസൂൽ(സ്വ) വർജിച്ചവ പ്രവർത്തിക്കുന്നവനും അദ്ദേഹം പ്രവർത്തിച്ചവ വർജിക്കുന്നവനും യഥാർഥത്തിൽ ഒരുപോലെയാണ്. അവർ തമ്മിൽ യാതൊരു വ്യത്യാസവുമില്ല” (അൽഇഅ്തിസ്വാം 1/57).

നബി(സ്വ) പറഞ്ഞു: “നമ്മുടെ ഈ (മത) കാര്യത്തിൽ അതിലില്ലാത്തത് ആരെങ്കിലും പുതുതായി നിർമിച്ചാൽ അത് തള്ളിക്കളയണം” (ബുഖാരി, മുസ്‌ലിം).

“നമ്മുടെ കൽപനയില്ലാത്ത വല്ല കർമവും ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളിക്കളയണം” (മുസ്‌ലിം).

“നിങ്ങൾ പുത്തനാചാരങ്ങളെ കരുതിയിരിക്കണം. കാരണം എല്ലാ നൂതനസമ്പ്രദായങ്ങളും അനാചചാരങ്ങളാണ്. എല്ലാ അനാചാരങ്ങളും ദുർമാർഗമാണ്” (അബൂദാവൂദ്, തുർമുദി).

ബിദ്അത്തുകളെ സുന്നത്തായി കരുതുകയും അത് കൊണ്ടാടപ്പെടുകയും ചെയ്യുന്ന ദാരുണ അവസ്ഥയാണ് സമൂഹത്തിൽ ഇന്ന് നാം കാണുന്നത്! നിർബന്ധനമസ്‌കാര ശേഷമുള്ള കൂട്ടുപ്രാർഥന, മരണപ്പെട്ടവർക്കായി

> “ആരെങ്കിലും ഇസ്‌ലാമിൽ പുതുതായി വല്ലതും നിർമിക്കുകയും അതിനെ നല്ലതായിക്കാണുകയും ചെയ്താൽ അവൻ മുഹമ്മദ് നബി (സ്വ) അദ്ദേഹത്തിന്റെ ദൗത്യത്തിൽ വഞ്ചന കാണിച്ചു എന്ന് ജൽപിക്കുന്നതിന് തുല്യമാണ്. കാരണം ‘ഇന്ന് നിങ്ങളുടെ ദീൻ നിങ്ങൾക്ക് പൂർത്തിയാക്കിത്തന്നിരിക്കുന്നു’ എന്ന് അല്ലാഹു പറഞ്ഞുകഴിഞ്ഞു. അന്ന് മതത്തിൽ ഉൾപെട്ടിട്ടില്ലാത്ത ഒരു കാര്യം ഇന്ന് മതമായി തീരുകയില്ല’

ക്വുർആൻ ഓതി ദാനം ചെയ്യൽ, ചാവടിയന്തിരം, അനേകതരം മൗലൂദുകൾ, ക്വബ്ർകെട്ടി ഉയർത്തൽ, അവിടെപ്പോയി ബറകത്ത് എടുക്കൽ, മക്ബറകളോടും ജാറങ്ങളോടും അനുബന്ധിച്ച് നേർച്ചകളും ഉറൂസുകളും സംഘടിപ്പിക്കൽ എന്നിങ്ങനെ എന്തെല്ലാം അനാചാരങ്ങളാണ് നാം കാണുന്നത്! പ്രവാചകചര്യയുമായി ഇതിനൊന്നും യാതൊരു ബന്ധവുമില്ല. എന്നാൽ പ്രവാചകചര്യയിൽ സ്ഥിരപ്പെട്ട; പുരുഷന്മാർ താടിവളർത്തൽ, നെരിയാണിക്ക് താഴെയിറങ്ങാത്ത വസ്ത്രം ധരിക്കൽ, വലതുകൈകൊണ്ട് വെള്ളം കുടിക്കൽ, ഹജ്ജ്, ഉംറ, തുടങ്ങിയ എല്ലാ ദീർഘദൂര യാത്രകളിലും സ്ത്രീകൾ മഹ്റമില്ലാതെ യാത്ര ചെയ്യാതിരിക്കൽ... എന്നിങ്ങനെയുള്ള അനേകം കാര്യങ്ങളെ അവഗണിക്കുകയും നിസ്സാരമാക്കുകയും ചെയ്യുന്നു.

ഉമർ(റ) മദീനക്കാർ ഹജ്ജിനും ഉംറക്കും പോകുമ്പോൾ ഇഹ്റാം കെട്ടുന്ന ദുൽഹുലൈഫയിൽ വെച്ച് (ഇന്ന് പ്രസിദ്ധമായ അബ്യാർ അലി) രണ്ടു റക്അത്ത് നമസ്കരിക്കുകയുണ്ടായി. ഇഹ്റാമിൽ പ്രവേശിക്കുവാൻ ചില നിർണിത സ്ഥലങ്ങൾ (മീകാത്ത്) ഉണ്ട്. എന്നാൽ ഈ പ്രദേശങ്ങളിൽ പ്രവേശിച്ച് -ഹജ്ജിനാകട്ടെ, ഉംറക്കാകട്ടെ- ഇഹ്റാമിൽ പ്രവേശിക്കുമ്പോൾ പ്രത്യേകം രണ്ട് റക്അത്ത് നമസ്കാരം സുന്നത്തില്ല. പക്ഷേ, ദുർഹുലൈഫയാകുന്ന മദീനക്കാരുടെ മീകാത്തിൽ കടക്കുന്ന ഒരാൾക്ക് രണ്ട് റക്അത്ത് നമസ്കാരമുണ്ട്. കാരണം നബി(സ്വ) ദുൽഹുലൈഫയിൽ പ്രവേശിച്ചപ്പോൾ അത് അനുഗൃഹീത താഴ്വരയായതിനാൽ രണ്ടു റക്അത്ത് നമസ്കരിക്കേണ്ടതുണ്ടെന്ന് ജിബ്രീൽ(അ) അറിയിച്ചു. ഇത് ഇഹ്റാമിന്റെ ഭാഗമായ നമസ്കാരമല്ല എന്ന് വ്യക്തം.

ഇബ്നുസ്സിംതി(റ) പറയുന്നു: "ഉമറുബ്നുൽ ഖത്വാബ്(റ) ദുൽഹുലൈഫയിൽ വെച്ച് രണ്ടു റക്അത്ത് നമസ്കരിക്കുന്നത് ഞാൻ കണ്ടു. അതിനെപ്പറ്റി ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'തീർച്ചയായും അല്ലാഹുവിന്റെ ദൂതൻ (സ്വ) എങ്ങനെ ചെയ്യുന്നത് ഞാൻ കണ്ടുവോ അതുപോലെ ഞാൻ ചെയ്യുന്നു" (മുസ്‌ലിം).

മക്ക-മദീന യാത്രയിൽ ആളുകൾ ചില സ്ഥലങ്ങളിൽ നമസ്കരിക്കുന്നതിന്നുവേണ്ടി പ്രത്യേകം താൽപര്യം കാണിക്കുന്നതായി ഉമർ(റ)വിന്റെ ശ്രദ്ധയിൽ പെട്ടു. അവർ അതിനുവേണ്ടി തിക്കും തിരക്കും കാണിക്കുന്നത് കണ്ടപ്പോൾ അദ്ദേഹം കാര്യം അന്വേഷിച്ചു. അപ്പോൾ അവർ പറഞ്ഞു: 'യാത്രയിൽ പ്രവാചകൻ(സ്വ) ഇവിടുന്ന് നമസ്കരിക്കുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്.' അപ്പോൾ ഉമർ(റ) അതിനെ എതിർത്തു. 'നിങ്ങൾ ഇവിടെ എത്തിയിട്ടുണ്ടെങ്കിൽ ഇവിടുന്ന് നമസ്കരിക്കണം. അതല്ലെങ്കിൽ നമസ്കരിക്കുവാൻ പാടില്ല' എന്ന് അദ്ദേഹം വിശദീകരിച്ചുകൊടുത്തു.

നബി(സ്വ) ഒരു സ്ഥലത്ത് ചെന്നിറങ്ങി. നമസ്കാര സമയമായതിനാൽ ആ പ്രദേശത്തുവച്ച് നമസ്കരിച്ചു. ആ സ്ഥലത്തിന് യാതൊരുവിധ പ്രത്യേകതയും കൽപിച്ചല്ല അവിടെ നമസ്കരിച്ചത്. എന്നാൽ ഒരു സ്ഥലത്തിന് പ്രത്യേകത കൽപിച്ചുകൊണ്ട് അവിടെ വെച്ച് പ്രവാചകൻ (സ) നമസ്കരിച്ചുവെങ്കിൽ നമുക്കുമത് പിൻപറ്റാം. ഇതാണ് മഹാനായ ഉമർ(റ) നമ്മെ ബോധ്യപ്പെടുത്തുന്നത്.

അല്ലാഹു പറയുന്നു: "ഇതത്രെ എന്റെ നേരായപാത. അത് നിങ്ങൾ പിൻതുടരുക. മറ്റു മാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ മാർഗത്തിൽനിന്ന് നിങ്ങളെ ചിതറിച്ചു കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (ആലുഇംറാൻ: 7).

"പിൻതുടരാൻ അല്ലാഹു ആവശ്യപ്പെടുന്ന അവന്റെ യഥാർഥ മാർഗമായ 'സ്വിറാതുൽ മുസ്തകിം' കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ പ്രവാചകന്റെ സുന്നത്താണ്. മറ്റു മാർഗങ്ങൾ നിങ്ങൾ പിൻപറ്ററുത് എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം തെറ്റിപ്പോയവരുടെ മാർഗമായ ബിദ്അത്താണ്. ബിദ്അത്തുകാരുടെ എല്ലാമാർഗവും വർജിക്കേണ്ടതുണ്ട് എന്ന കാര്യവും ഈ ആയത്ത് പഠിപ്പിക്കുന്നു" (ഇമാം ശാത്വിബി: അൽഇഅ്തിസ്വാം:1/76).

സുന്നത്തിനോടുള്ള ഒരാളുടെ ഇഷ്ടം നബി(സ്വ)യോടുള്ള അയാളുടെ സ്നേഹത്തെയാണ് അറിയിക്കുന്നത്. എന്നാൽ ബിദ്അത്തിനോടുള്ള ഒരാളുടെ അടുപ്പം പോലും അയാൾ അല്ലാഹുവിന്റെ ദൂതനെ പരിഹസിക്കുന്നതിനും നിന്ദിക്കുന്നതിനും തുല്യമാണ്.

ഇമാം മാലിക്(റഹി) പറഞ്ഞു: "ആരെങ്കിലും ഇസ്‌ലാമിൽ പുതുതായി വല്ലതും നിർമിക്കുകയും അതിനെ നല്ലതായിക്കാണുകയും ചെയ്താൽ അവൻ മുഹമ്മദ് നബി (സ്വ) അദ്ദേഹത്തിന്റെ ദൗത്യത്തിൽ വഞ്ചന കാണിച്ചു എന്ന് ജൽപിക്കുന്നതിന് തുല്യമാണ്. കാരണം 'ഇന്ന് നിങ്ങളുടെ ദീൻ നിങ്ങൾക്ക് പൂർത്തിയാക്കിത്തന്നിരിക്കുന്നു' എന്ന് അല്ലാഹു പറഞ്ഞുകഴിഞ്ഞു. അന്ന് മതത്തിൽ ഉൾപെട്ടിട്ടില്ലാത്ത ഒരു കാര്യം ഇന്ന് മതമായി തീരുകയില്ല' (അൽഇഅ്തിസ്വാം: 1/65).

നബി(സ്വ) പറഞ്ഞു: "എല്ലാ ബിദ്അത്തുകാരിൽ നിന്നും അല്ലാഹു തൗബയെ തടയുന്നതാണ്" (സിൽസിലതുസ്സ്വഹീഹ: 1620).

■

# സൂറതുസ്സബഅ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 34

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَجَعَلْنَا بَيْنَهُمْ وَبَيْنَ الْقُرَى الَّتِي بَارَكْنَا
فِيهَا قُرًى ظَاهِرَةً وَقَدَّرْنَا فِيهَا السَّيْرَ ۖ
سِيرُوا فِيهَا لَيَالِيَ وَأَيَّامًا آمِنِينَ ﴿١٨﴾

فَقَالُوا رَبَّنَا بَاعِدْ بَيْنَ أَسْفَارِنَا وَظَلَمُوا
أَنفُسَهُمْ فَجَعَلْنَاهُمْ أَحَادِيثَ وَمَزَّقْنَاهُمْ
كُلَّ مُمَزَّقٍ ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّكُلِّ صَبَّارٍ
شَكُورٍ ﴿١٩﴾

وَلَقَدْ صَدَّقَ عَلَيْهِمْ إِبْلِيسُ ظَنَّهُ فَاتَّبَعُوهُ
إِلَّا فَرِيقًا مِّنَ الْمُؤْمِنِينَ ﴿٢٠﴾

وَمَا كَانَ لَهُ عَلَيْهِم مِّن سُلْطَانٍ إِلَّا لِنَعْلَمَ
مَن يُؤْمِنُ بِالْآخِرَةِ مِمَّنْ هُوَ مِنْهَا فِي شَكٍّ ۗ
وَرَبُّكَ عَلَىٰ كُلِّ شَيْءٍ حَفِيظٌ ﴿٢١﴾

18. അവർക്കും (സബഅ് ദേശക്കാർക്കും) നാം അനുഗ്രഹം നൽകിയ (സിറിയൻ) ഗ്രാമങ്ങൾക്കുമിടയിൽ തെളിഞ്ഞ് കാണാവുന്ന പല ഗ്രാമങ്ങളും നാം ഉണ്ടാക്കി. അവിടെ നാം യാത്രയ്ക്ക് താവളങ്ങൾ നിർണയിക്കുകയും ചെയ്തു. രാപകലുകളിൽ നിർഭയരായിക്കൊണ്ട് നിങ്ങൾ അതിലൂടെ സഞ്ചരിച്ച് കൊള്ളുക (എന്ന് നാം നിർദേശിക്കുകയും ചെയ്തു).
19. അപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ യാത്രാതാവളങ്ങൾക്കിടയിൽ നീ അകലമുണ്ടാക്കണമേ. അങ്ങനെ തങ്ങൾക്കുതന്നെ അവർ ദ്രോഹം വരുത്തിവച്ചു. അപ്പോൾ നാം അവരെ കഥാവശേഷരാക്കികളഞ്ഞു. അവരെ നാം സർവത്ര ഛിന്നഭിന്നമാക്കി. ക്ഷമാശീലനും നന്ദിയുള്ളവനുമായ ഏതൊരാൾക്കും തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.
20. തീർച്ചയായും തന്റെ ധാരണ ശരിയാണെന്ന് ഇബ്‌ലീസ് അവരിൽ തെളിയിച്ചു. അങ്ങനെ അവർ അവനെ പിന്തുടർന്നു; ഒരു സംഘം സത്യവിശ്വാസികളൊഴികെ.
21. അവന് (ഇബ്‌ലീസിന്) അവരുടെ മേൽ യാതൊരധികാരവും ഉണ്ടായിരുന്നില്ല. പരലോകത്തിൽ വിശ്വസിക്കുന്നവരെ അതിനെപ്പറ്റി സംശയത്തിൽ കഴിയുന്നവരുടെ കൂട്ടത്തിൽനിന്ന് നാം തിരിച്ചറിയുവാൻ വേണ്ടി മാത്രമാണിത്. നിന്റെ രക്ഷിതാവ് ഏതു കാര്യവും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

(18). (അവർക്കും-സബഅ് ദേശക്കാർക്കും- നാം അനുഗ്രഹം നൽകിയ -സിറിയൻ- ഗ്രാമങ്ങൾക്കുമിടയിൽ തെളിഞ്ഞ് കാണാവുന്ന പല ഗ്രാമങ്ങളും നാം ഉണ്ടാക്കി. അവിടെ നാം യാത്രയ്ക്ക് താവളങ്ങൾ നിർണയിക്കുകയും ചെയ്തു) അതായത് വാസസ്ഥല ങ്ങൾ. ഒരു നിശ്ചിത സമയത്തിനുള്ളിൽ യാത്രക്കാർക്ക് ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് എത്തിച്ചേരാൻ കഴിയുന്ന വിധത്തിൽ തുല്യ അകലത്തിലാണ് താവളങ്ങൾ സ്ഥിതി ചെയ്തിരുന്നത്. (രാപകലുകളിൽ നിർഭയരാ

യിക്കൊണ്ട് നിങ്ങൾ അതിലൂടെ സഞ്ചരിച്ച് കൊള്ളുക) ഈ വഴികളിൽ സുരക്ഷിതമായി, മോഷണമോ കവർച്ചയോ ഭയപ്പെടാതെ, യാത്രക്കാർക്ക് രാത്രിയിലും പകലും ഏതു സമയത്തും യാത്ര ചെയ്യാമെന്നത് അവർക്ക് അല്ലാഹു ചെയ്തുകൊടുത്ത വലിയ അനുഗ്രഹമാണ്.

(19). ആ ശിക്ഷ അവർക്ക് വന്നപ്പോൾ അവർ ഒരുമിച്ചായിരുന്നതിന് ശേഷം വിവിധ ഭാഗങ്ങളിലേക്ക് അവർ ചിതറിപ്പോയി. അല്ലാഹു അവരെ ജനങ്ങൾക്ക് രാക്ഷഥ പറയാനുള്ള ഒരു കഥയാക്കി മാറ്റി. അവർ ഒരു പഴഞ്ചൊല്ലാക്കി മാറ്റി. 'സബഅ്കാരെ പോലെ ചിതറിപ്പോയി' എന്ന് പറയാറുണ്ട്. അവർക്ക് എന്ത് സംഭവിച്ചുവെന്ന് എല്ലാവരും സംസാരിക്കുകയും ചെയ്തു. എന്നാൽ അവരിൽനിന്ന് ആരും പാഠം പഠിച്ചില്ല. (ക്ഷമാശീലനും നന്ദിയുള്ളവനുമായ ഏതൊരാൾക്കും തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്) വിഷമകരവും പ്രയാസകരവുമായ കാര്യങ്ങളിൽ അങ്ങേയറ്റം അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി സഹിക്കുകയും ക്ഷമിക്കുകയും ചെയ്യും. അതിൽ തന്നിഷ്ടം പ്രകടിപ്പിക്കില്ല.മറിച്ച് അതിൽ ക്ഷമിക്കും. അല്ലാഹു നൽകുന്ന അനുഗ്രഹങ്ങൾക്ക് അങ്ങേയറ്റം നന്ദി കാണിക്കുകയും ചെയ്യും. അതംഗീകരിക്കുകയും അവ നൽകിയവനെ സ്തുതിക്കുകയും അവന് അനുസരണയുള്ളവനായി തീരുകയും ചെയ്യും.

ഇങ്ങനെ പലതും സംഭവിച്ചതായി അവൻ കേട്ടാൽ അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവർ കാണിച്ച നന്ദികേടാണ് ആ ശിക്ഷയ്ക്ക് കാരണമെന്ന് അവൻ മനസ്സിലാക്കും. അവരെ പോലെ പ്രവർത്തിക്കുന്നവർക്ക് അതേ വിധി നേരിടേണ്ടിവരുമെന്നും അവൻ മനസ്സിലാക്കുന്നു. അല്ലാഹുവിന് നന്ദി ചെയ്യുന്നത് അനുഗ്രങ്ങളെ സംരക്ഷിക്കുകയും ശിക്ഷയിൽ നിന്ന് തടുക്കുകയും ചെയ്യുമെന്ന് അവൻ മനസ്സിലാക്കുന്നു. അല്ലാഹുവിന്റെ ദൂതന്മാർ സത്യം പറഞ്ഞതാണെന്നും പ്രതിഫലം സത്യമാണെന്നും അവർ മനസ്സിലാക്കും. അതിന്റെ ചില മാതൃകകൾ ഈ ലോകത്ത് അവൻ കണ്ടിട്ടുണ്ട്.

(20). ഇബ്‌ലീസ് തന്റെ രക്ഷിതാവിനോട് പറഞ്ഞ പ്രതീക്ഷകൾ സബഅ് ജനതയിലും സത്യമായിട്ടുണ്ട്.

قَالَ فَبِعِزَّتِكَ لَأُغْوِيَنَّهُمْ أَجْمَعِينَ ﴿٨٢﴾
إِلَّا عِبَادَكَ مِنْهُمُ ٱلْمُخْلَصِينَ ﴿٨٣﴾

"അവൻ (ഇബ്‌ലീസ്) പറഞ്ഞു: നിന്റെ പ്രതാപമാണ് സത്യം. അവരെ മുഴുവൻ ഞാൻ വഴിതെറ്റിക്കുകതന്നെ ചെയ്യും. അവരിൽ നിന്റെ നിഷ്കളങ്കരായ ദാസന്മാർ ഒഴികെ" (38:82-83).

ഇബ്‌ലീസിന്റെ ഭാഗത്തുനിന്നുള്ള ഈ പ്രതീക്ഷ ഉറപ്പായ ഒരു അറിവായിരുന്നില്ല. കാരണം, അവന് അദൃശ്യമായ കാര്യങ്ങൾ അറിയുമായിരുന്നില്ല. അവരെ മുഴുവൻ വഴി തെറ്റിക്കാൻ കഴിയും എന്ന വിവരം അല്ലാഹുവിൽ നിന്ന് അവന് ലഭിച്ചിട്ടുമില്ല. ഈ ആളുകളും അവരെ പോലെയുള്ളവരും ഇബ്‌ലീസിന്റെ പ്രതീക്ഷ സത്യമാക്കിയവരാണ്. അവൻ അവരെ വിളിച്ചു പ്രലോഭിപ്പിച്ചു. അങ്ങനെ അവരെ പിഴപ്പിച്ചു. (അങ്ങനെ അവർ അവനെ പിന്തുടർന്നു, ഒരു സംഘം സത്യവിശ്വാസികൾ ഒഴികെ) അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കാത്തവൻ ഇബ്‌ലീസിന്റെ പ്രേരണയിൽ പെടില്ല. ശരിക്കും സബഇന്റെ കഥാവിവരണം (ക്ഷമാശീലനും നന്ദിയുള്ളവനുമായ ഏതൊരാൾക്കും തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്) എന്ന വചനം മുതൽ ഇബ്‌ലീസിനെ പൻപറ്റുന്ന എല്ലാ മനുഷ്യരെക്കുറിച്ചുള്ള പൊതുവായ പരാമർശമാവാം.

(21). തുടർന്ന് അല്ലാഹു പറയുന്നു: (അവന് ഉണ്ടായിരുന്നില്ല) അതായത്, ഇബ്‌ലീസിന്. (അവരുടെ മേൽ യാതൊരധികാരവും) അതായത് താൻ ആഗ്രഹിക്കുന്നതെന്തും ചെയ്യാൻ അവരെ നിർബന്ധിക്കാൻ അവന് അവരുടെ മേൽ യാതൊരു നിയന്ത്രണമോ അധികാരമോ ഇല്ലായിരുന്നു.

എന്നാൽ ആദമിന്റെ സന്തതികളിൽ അവന് കുറച്ച് സ്വാധീനവും ശക്തിയും ഉണ്ടായിരിക്കണമെന്ന് അല്ലാഹുവിന്റെ യുക്തി തീരുമാനിച്ചു. (പരലോകത്തിൽ വിശ്വസിക്കുന്നവരെ അതിനെ പറ്റി സംശയത്തിൽ കഴിയുന്നവരുടെ കൂട്ടത്തിൽനിന്ന് നാം തിരിച്ചറിയാൻ വേണ്ടി മാത്രമാണിത്) അതായത് ഒരു പരീക്ഷണത്തിലൂടെ, ആരാണ് ആത്മാർഥതയുള്ളവരെന്നും പിശാച് സംശയങ്ങൾ ഉണ്ടാക്കുമ്പോഴും പരീക്ഷണങ്ങൾ വരുമ്പോഴും ശരിയായ വിശ്വാസത്തോടെ ഉറച്ചുനിൽക്കുന്നത് ആരാണെന്നറിയാനും ഉറച്ചുനിൽക്കാതെ നിസ്സാരമായ സംശയങ്ങളുണ്ടാകുമ്പോൾ പോലും പതറിപ്പോകുന്നത് ആരെന്നറിയാനുമാണിത്.

തന്റെ അടിമകളെ പരീക്ഷിക്കാൻ അല്ലാഹു നിശ്ചയിക്കുന്ന പരീക്ഷണങ്ങളിലൂടെ നല്ലതും ചീത്തയും വേർതിരിയുന്നു. (നിന്റെ രക്ഷിതാവ് ഏതൊരു കാര്യവും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു) അവൻ തന്റെ അടിമകളെയും അവരുടെ പ്രവർത്തികളെയും നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അവർ ചെയ്യുന്ന എല്ലാറ്റിനും അവൻ അവർക്ക് പ്രതിഫലം നൽകും. ■

ആദിൽ നരിക്കുനി




# ആത്മഹത്യ വർധിക്കുന്നതിനു പിന്നിൽ മതമോ മതനിഷേധമോ?

ഓരോ 40 സെക്കന്റിലും ലോകത്ത് ഒരാൾ ആത്മഹത്യ ചെയ്യുന്നു എന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്ക്. നമ്മുടെ രാജ്യം ആത്മഹത്യയുടെ കാര്യത്തിൽ മുൻപന്തിയിലാണ്. അതിൽ യുവാക്കളാണ് ഏറെയും. 15-29 വരെ പ്രായമുള്ളവരുടെ മരണകാരണങ്ങളിൽ രണ്ടാമത്തെത് ആത്മഹത്യയാണ്. ഈ കണക്കുകൾ സാംസ്കാരിക ജീർണതയെയാണ് വെളിപ്പെടുത്തുന്നത്. കാലാകാലങ്ങളായി സർക്കാറുകളും ലോകാരോഗ്യ സംഘടനയും ഈ

ഇസ്‌ലാം മനുഷ്യനെ ആത്മഹത്യയിൽ നിന്നും തടയുന്നു. വ്യക്തിതലത്തിലും സാമൂഹിക തലത്തിലും ഒരു സംരക്ഷണ ഘടകമായി വർത്തിക്കുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം ഇന്ത്യയുടെ ആത്മഹത്യ നിരക്ക് 12.7ഉം അമേരിക്കയുടെത് 14.5ഉം ആണ്. എന്നാൽ മുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളിൽ ആത്മഹത്യാ നിരക്ക് വളരെ കുറവാണ്. ഖത്തർ 4.0, യു.എ.ഇ 5.2, സൗദി അറേബ്യ 3.7, ഒമാൻ 4.3, ബഹ്റൈൻ 3.0 എന്നിങ്ങനെയാണ് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പറയുന്നത്. പട്ടികയിലെ ഏറ്റവും ഒടുവിലത്തെ ഇടമാണ് പ്രസ്തുത രാജ്യങ്ങൾക്കുള്ളത്.

വിപത്തിനെ മറികടക്കാൻ കഠിനമായി ശ്രമിക്കുന്നുവെങ്കിലും ഫലം കാണാൻ കഴിഞ്ഞിട്ടില്ല.

ഇസ്‌ലാം മനുഷ്യനെ ആത്മഹത്യയിൽ നിന്നും തടയുന്നു. വ്യക്തിതലത്തിലും സാമൂഹിക തലത്തിലും ഒരു സംരക്ഷണ ഘടകമായി വർത്തിക്കുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം ഇന്ത്യയുടെ ആത്മഹത്യ നിരക്ക് 12.7ഉം അമേരിക്കയുടെത് 14.5ഉം ആണ്. എന്നാൽ മുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളിൽ ആത്മഹത്യാ നിരക്ക് വളരെ കുറവാണ്. ഖത്തർ 4.0, യു.എ.ഇ 5.2, സൗദി അറേബ്യ 3.7, ഒമാൻ 4.3, ബഹ്റൈൻ 3.0 എന്നിങ്ങനെയാണ് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പറയുന്നത്. പട്ടികയിലെ ഏറ്റവും ഒടുവിലത്തെ ഇടമാണ് പ്രസ്തുത രാജ്യങ്ങൾക്കുള്ളത്.

മതത്തിന്റെ അതിരുകൾ ഭേദിച്ച് അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിന്റെ അനന്തതയിലേക്ക് പാറുന്ന പറവകളിലാണ് ആത്മഹത്യാനിരക്കിന്റെ ആധിക്യമുള്ളത്. പരിമിതമായ ജീവിതത്തിൽ പരമാവധി സ്വത്ത് സമ്പാദിക്കുക, സുഖം ആസ്വദിക്കുക എന്നതു മാത്രം ലക്ഷ്യമാക്കുന്ന മതബാഹ്യചിന്തകൾ മനുഷ്യരെ ഏതൊരു ഹീന മാർഗത്തിലും ചരിക്കാൻ മടിയില്ലാത്തവരാക്കിത്തീർക്കുന്നു.

കേരളത്തിലെ ഭൂരിഭാഗം ആത്മഹത്യകൾക്കും കാരണം ലഹരിയുപയോഗവും കുടുംബ ശൈഥില്യവുമാണ്. മദ്യ-മയക്കുമരുന്നുകളുടെ അടിമകൾ സാധാരണ ജീവിതത്തിലേക്ക് മടങ്ങാൻ കഴിയാതെ ആത്മഹത്യ ചെയ്യുന്നു. ലോകം മുഴുവനും ഈ ദുരന്തത്തിൽനിന്ന് കരകയറാൻ കഴിയുന്നത്ര പ്രയത്നിക്കുമ്പോൾ ഡേവിഡ് ഹ്യൂമിനെ പോലുള്ള അനുഭവവാദികളും യുക്തിവാദികളും ആത്മഹത്യയെ മഹത്ത്വവത്കരിക്കുകയാണ് ചെയ്യുന്നത്.

ആത്മഹത്യയെ നരകത്തിലെത്തിക്കുന്ന ഗുരുതരമായ പാപമായാണ് ഇസ്‌ലാം കാണുന്നത്. ആത്മഹത്യയെ തടുക്കാനുള്ള വിജയകരമായ മാർഗം ഇസ്‌ലാം നിർദേശിക്കുന്നുമുണ്ട്.

ആത്മഹത്യയുടെ കാരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ ലഹരി വസ്തുക്കളുടെ ഉപയോഗം നിഷിദ്ധമാക്കുന്നു. മറ്റൊരു കാരണം സാമ്പത്തിക ഞെരുക്കമാണ്. ഇസ്‌ലാമിലെ സകാത്ത്, സ്വദഖ പോലുള്ളവ ഇതിനുള്ള പരിഹാരമാണ്. ആത്മഹത്യയിലേക്ക് നയിക്കുന്ന മറ്റൊന്നാണ് ലൈംഗികരംഗത്തെ വഴിവിട്ട സഞ്ചാരം. ശാരീരികവും മാനസികവുമായ ഉപദ്രവം തടയാൻ, ഇസ്‌ലാം സ്ത്രീ-പുരുഷന്മാരുടെ വേഷവിധാനം എങ്ങനെയായിരിക്കണം എന്ന് കൽപിക്കുന്നുണ്ട്. വ്യഭിചാരം നിഷിദ്ധമാക്കുകയും അതിലേക്ക് കൊണ്ടെത്തിക്കുന്ന വഴികൾ അടക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊന്നാണ് ബന്ധങ്ങളിലെ വിള്ളലുകൾ. കുടുംബ, വൈവാഹിക, അയൽപക്ക ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ ഇസ്‌ലാം വിശ്വാസികളോട് കൽപിക്കുകയും അതിനെ പ്രതിഫലാർഹമായ പുണ്യകർമാക്കുകയും ചെയ്തു.

മനുഷ്യജീവിതം സുഖദുഃഖ സമ്മിശ്രമാണെന്നും ഇവ രണ്ടും ജീവിതത്തിൽ അനുഭവിക്കേണ്ടി വരുമെന്നും ആഘാതവും ആനന്ദവുമെല്ലാം ദൈവനിശ്ചയപ്രകാരമാണെന്നും പരലോകരക്ഷ യാഗ്രഹിച്ച് ക്ഷമിച്ചും സഹിച്ചും ജീവിച്ചാൽ സ്വർഗം കിട്ടുമെന്നും വിശ്വസിക്കുന്ന വ്യക്തിക്ക് എങ്ങനെയാണ് ആത്മഹത്യ ചെയ്യാൻ സാധിക്കുക? ദൈവകാരുണ്യത്തെക്കുറിച്ചുള്ള ചിന്ത ജീവിതത്തിലെ ഏത് പ്രതിസന്ധിയെയും മറികടക്കാനുള്ള പ്രേരക ഘടകമാകുന്നു. ■

മഴക്കവിതകൾ

വിസ്ഡം എഡ്യുക്കേഷൻ ബോർഡ് മദ്റസ വിദ്യാർഥികൾക്കായി സംസ്ഥാന തലത്തിൽ നടത്തിയ 'സർഗദിനം' രചനാമത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട രചനകൾ.

# തുള്ളിക്കൊരു കുടം മഴ

ഷാദു റഹ്മാൻ കെ.
ക്ലാസ്: 4, മദ്റസത്തുൽ ഇസ്‌ലാഹിയ്യ,
കുറുമാത്തൂർ, കണ്ണൂർ



കാർമേഘത്താൽ ബന്ധിതനായി
കത്തിജ്ജ്വലിക്കും സൂര്യൻ മറഞ്ഞു.
പെട്ടെന്നതിഥിയായ് എത്തിടുന്നു
പൊട്ടുന്നിടിയും മിന്നലിൻ ശേഷം.
ഇളംകാറ്റു മെല്ലെ വീശിടുന്നു
കുളിരേകി സന്തോഷമേകിടുന്നു.
മെല്ലെ മെല്ലെ തുള്ളികൾ വീണിടുന്നു
തെല്ലിടക്കുള്ളിലത് പേമാരിയായ്.
കിണറുകൾ, കുളങ്ങൾ നിറഞ്ഞിടുന്നു
പുഴകൾ കരകവിഞ്ഞൊഴുകിടുന്നു.
പലയിടത്തും ഉരുൾ പൊട്ടിടുന്നു
വീടുകൾ പലതും ഒലിച്ചുപോയി
ആളുകൾ പലരും മരിച്ചുപോയി.
റബ്ബിൻ പരീക്ഷണമായിരിക്കാം
ജീവിതം നമ്മൾക്കു നന്നാക്കിടാം.
റബ്ബിൻ വിധിയേ നടന്നിടുള്ളൂ
ആർക്കുമതിൽ ദേഷ്യം തോന്നിടേണ്ട.

# മഴക്കാഴ്ചകൾ

അഹ്‌ലാം നുസ്റ
ക്ലാസ്: 5, സൽസബീൽ മദ്റസ,
പെരിഞ്ഞോട്, കിഴുപ്പിള്ളിക്കര
തൃശൂർ



അലിയുന്ന സ്നേഹമാണ് മഴ
പുഞ്ചിരി പൊഴിക്കും
പൂക്കളാണ് മഴ.
കവികൾക്ക് മഴക്കാഴ്ച
ആശയങ്ങളാണ്.
അധ്യാപകർക്കത്
ശബ്ദ ശല്യമാണ്,
കുട്ടികൾക്ക്
കളിക്കൂട്ടുകാരനും.
ഉമ്മമാർക്കത് ആശങ്കയാണ്;
ഉപ്പമാർക്ക് സമാധാനവും.
കിളികൾക്കത് കുളിരാണ്;
മൃഗങ്ങൾക്ക് സന്തോഷവും.
സസ്യലതാതികൾക്കെല്ലാം
മഴയൊരു ദാഹശമനിയാണ്.
അധികമായാൽ, അമിതമായാൽ
മഴയെല്ലാവർക്കും ദുരിതമാണ്.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

വായനയുടെ
വസന്തം
നൈതികതയുടെ
വീണ്ടെടുപ്പ്

WISDOM BOOKS

ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ

**പുറത്തിറങ്ങുന്നു**

# പ്രകാശം പരത്തിയ പ്രവാചകന്മാർ

ഭാഗം 6

# ഈസാ നബി عليه السلام

**ഹുസൈൻ സലഫി**




43rd
SHARJAH INTERNATIONAL BOOK FAIR




peaceradio
Tune to reality

WISDOM
ISLAMIC ORGANIZATION

നേർപഥം
വാരിക

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2024 October 05

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

